# റമദാൻ വ്രതം
# നാം അറിഞ്ഞിരിക്കേണ്ട ഫത്‌വകൾ

[Malayalam]

## فتاوى مهمة تتعلق بالصيام [ باللغة مليالم ]

لعلامتين الشيخ عبد العزيز بن باز والشيخ محمد صالح العثيمين رحمهما الله.


അബ്ദുൽ അസീസ്ബ്നുബാസ്
മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ

ക്രോഡീകരണം:

സയ്യിദ് സഅ്ഫർ സ്വാദിഖ്

എഡിറ്റർ:

മുഹമ്മദ് കബീർ സലഫി



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض–

المملكة العربية السعودية

islamhouse.com

1430 – 2009

بسم الله الرحمن الرحيم

വിശുദ്ധ റമളാനുമായി ബന്ധപ്പെട്ട് ഒരു വിശ്വാസി അനിവാര്യമായി അറിഞ്ഞിരിക്കേണ്ട ഫത്വകളാണ് താഴെ കൊടുക്കുന്നത്. സഊദി അറേബ്യയിലെ പ്രശസ്ത പണ്ഡിതൻമാരായിരുന്ന അബ്ദുൽ അസീസ്ബ്നുബാസ്( റഹിമഹുല്ലാഹ്), മുഹമ്മദ്ബ്നു സ്വാലിഹ് അൽഉഥൈമീൻ( റഹിമഹുല്ലാഹ്) എന്നിവരുടെ ഫത്വകളുടെ വിവർത്തനമാണ് താഴെ കൊടുക്കുന്നത്.

## 1- നോമ്പ് നിർബ്ബന്ധമാക്കിയതിലെ യുക്തിയെന്താണ്?

ഉത്തരം: താഴെ പറയുന്ന ആയത്ത് പാരായണം ചെയ്യുകയാണെങ്കിൽ നമുക്കത് ബോധ്യമാവും. അല്ലാഹു പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (١٨٣)

“സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.”

അല്ലാഹുവിനെ സൂക്ഷിക്കുക, അവനെ ആരാധിക്കുകയെന്നതാണ് വൃതം നിർബ്ബന്ധമാക്കിയതിലൂടെ ഉദ്ദേശിക്കപ്പെടുന്നത്. തഖ്വാ എന്നാൽ നിഷിദ്ധങ്ങൾ ഉപേക്ഷിക്കുകയും, കൽപനകൾ പ്രാവർത്തികമാക്കുകയും ചെയ്യുകയെന്നാണ്. റസൂലുല്ലാഹ്(ﷺ) പറയുന്നു:

(عَنْ أَبِي هُرَيْرَةَ رَضِي اللهُ عَنْه قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ فَلَيْسَ للهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ) ( رواه البخاري ) .

അബൂഹുറൈറ(ﷺ) പറയുന്നു: പ്രവാചകൻ(ﷺ) പറഞ്ഞു: “വ്യാജ സംസാരവും പ്രവർത്തനവും അവിവേകം കാണിക്കുന്നതും ഒരാൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ അയാൾ ഭക്ഷണ പാനീയങ്ങൾ വർജജി ക്കണമെന്ന് അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല” (ബുഖാരി)

നിർബ്ബന്ധമായ കാര്യങ്ങൾ ചെയ്യലും, നിഷിദ്ധങ്ങളിൽ നിന്ന് വിട്ട് നിൽക്കലും അനിവാര്യമാണെന്ന് ഇതിൽനിന്ന് വളരെ വ്യക്തമായി. ഏഷണി, പരദൂഷണം, കളവ് എന്നിവയിൽ നിന്ന് വിട്ട്നിൽക്കുക, നിഷിദ്ധമായ കച്ചവടം ഉപേക്ഷിക്കുക, മ്ളേഛതകളിൽ നിന്ന് അകന്ന് നിൽക്കുക തുടങ്ങിയവ റമളാനിൽ പരിപൂർണമായും പാലിക്കപ്പെടുകയാണെങ്കിൽ മറ്റു മാസങ്ങളിൽ അവനത് പാലിക്കുവാൻ സാധിക്കുന്നതാണ്.

ഖേദകരമെന്ന് പറയട്ടെ, നോമ്പിൻെറ പരിശുദ്ധിക്ക് നിരക്കാത്ത കാര്യങ്ങളാണ് അധിക പേരും ചെയ്ത് കൊണ്ടിരിക്കുന്നത്, നിർബ്ബന്ധ കാര്യങ്ങൾ ഉപേക്ഷിക്കുകയും, നിഷിദ്ധങ്ങൾ യഥേഷ്ടം ചെയ്യുകയും ചെയ്ത് കൊണ്ടാണ് നോമ്പനുഷ്ടിക്കുന്നത്, അത്കൊണ്ട് തന്നെ ചില കാരങ്ങ്യൾ ചെയ്യുന്നതിലൂടെ നോമ്പിൻെറ പ്രതിഫലം കുറയുകയും, മറ്റു ചില കാര്യങ്ങൾ ചെയ്യുന്നതോടെ നോമ്പ് തന്നെ നിഷ്ഫല മായി പോവുകയും ചെയ്യുന്നത് കരുതിയിരിക്കേണ്ടതുണ്ട്.

<u>മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).</u>

**2- മക്കയുടെ ഉദയാസ്തമയങ്ങൾ അടിസ്ഥാനമാക്കി ലോകത്താകമാനം നോമ്പും, പെരുന്നാളും തീരുമാനിക്കുക യാണെങ്കിൽ, അതിലൂടെ മുസ്ലിം സമുദായത്തെ ഒന്നിപ്പി ക്കാൻ സാധിക്കുമെന്ന് ചിലർ വാദിക്കുന്നു. എന്താണ് താങ്കളുടെ അഭിപ്രായം?**

ഉത്തരം: ഗോള ശാസ്ത്രപ്രകാരം ഇത് അസംഭവ്യമാണ്, കാരണം ശൈഖുൽ ഇസ്‌ലാം ഇബ്നുതീമിയ്യ പറഞ്ഞ ത്പോലെ ഉദയാസ്ത മയങ്ങൾ വ്യത്യസ്ഥ സ്ഥലങ്ങളിൽ വ്യത്യസ്ഥ സമയങ്ങളിലായിരിക്കും. അത്കൊണ്ട് തന്നെ പ്രമാണങ്ങളുടെയും, അനുഭവത്തിൻെറയും അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഓരോ രാജ്യത്തിനും അതിൻെറതായ വിധികൾ സ്വീകരിക്കലാണ് ശരി

**പ്രമാണങ്ങളിലുള്ള തെളിവുകൾ:** അല്ലാഹു പറയുന്നു:

(فَمَنْ شَهِدَ مِنكُمُ الشَّهْرَ فَلْيَصُمْهُ ) (البقرة:١٨٥)

'അതു കൊണ്ട് നിങ്ങളിൽ ആർ ആ മാസം കാണുന്നുവോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്."

ഇവിടെ ഭൂമിയുടെ ഏതോ ദിക്കിലുള്ളവർ മാസം കാണാതി രിക്കുകയും, മക്കയിൽ മാസം കാണുകയും ചെയ്താൽ ആയത്തിലുള്ള അഭിസംബോധന എങ്ങിനെ പൂർത്തിയാവും? അതുപോലെ പ്രവാചകൻ പറയുന്നത്:

(عَنْ مُحَمَّدِ بْنِ زِيَادٍ قَالَ سَمِعْتُ أَبَا هُرَيْرَةَ رَضِي اللَّهُ عَنْه يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ صُومُوا لِرُؤْيَتِهِ وَأَفْطِرُوا لِرُؤْيَتِهِ ... ) (بخاري ومسلم)

മുഹമ്മദ്ബ്നു സിയാദ്(ﷺ) പറയുന്നു: അബൂഹുറൈറ(ﷺ) പറയുന്നതായി ഞാൻ കേട്ടു, പ്രവാചകൻ(ﷺ) പറഞ്ഞു: "നിങ്ങൾ മാസപ്പിറവി കാണുമ്പോൾ നോമ്പെടുക്കുകയും മാസപ്പിറവി (ശവ്വാലിൻെറ) കാണുമ്പോൾ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക.... " (ബുഖാരി, മുസ്‌ലിം)

ഈ തെളിവിൻെറ അടിസ്ഥാനത്തിൽ മക്കയിൽ മാസം കണ്ടാൽ എങ്ങിനെയാണ് പാകിസ്ഥാൻ പോലെയുള്ള രാജ്യത്തെ ജനങ്ങൾ നോമ്പനുഷ്ടിക്കുക, കാരണം അവർക്ക് റമളാൻ മാസം ഉദിച്ചിട്ടില്ല. പ്രവാചകൻ ഹദീസിൽ പറയുന്നത് 'കണ്ടാൽ' എന്നാണ്.

**അനുഭവം:** ആർക്കും നിഷേധിക്കുവാനോ, എതിരാവാനോ കഴിയാത്ത വ്യക്തമായ ഖിയാസ്. ചന്ദ്രൻ ഭൂമിയുടെ പാടിഞ്ഞാറെ പ്രദേശത്ത് ഉദിക്കുന്നതിന് മുമ്പ് തന്നെ കിഴക്കൻ പ്രദേശത്ത് ഉദയമുണ്ടാ കുമെന്നത് നമുക്ക് അറിവുള്ളതാണല്ലോ. അങ്ങിനെയെങ്കിൽ കിഴക്ക് ഭാഗത്ത് ഉദയമുണ്ടായതിൻെറയടിസ്ഥാനത്തിൽ നാം രാത്രിയിലാ യിരിക്കെ നോമ്പനുഷ്ഠിക്കേണ്ടതുണ്ടോ? അതിനുള്ള ഉത്തരം ഇല്ല എന്നാണ്. അതുപോലെ കിഴക്കൻ പ്രദേശത്ത് സൂര്യൻ അസ്തമിച്ചതിൻെറയടിസ്ഥാനത്തിൽ നാം പകലിലായിരിക്കെ നോമ്പ് തുറക്കുവാൻ പാടുണ്ടോ? അതിനുള്ള ഉത്തരവും പാടില്ലായെന്നാണ്. അതുകൊണ്ട് തന്നെ ചന്ദ്രൻെറ വിധി സൂര്യൻെറ വിധി പോലെ തന്നെയാണ്. എന്നാൽ ചന്ദ്രൻെറ സമയം മാസവുമായി ബന്ധപ്പെട്ടതും, സൂര്യൻെറ സമയം ദിവസവുമായി ബന്ധപ്പെ ട്ടതുമാണ്. അല്ലാഹു പറയുന്നു:

أُحِلَّ لَكُمْ لَيْلَةَ الصِّيَامِ الرَّفَثُ إِلَى نِسَائِكُمْ هُنَّ لِبَاسٌ لَكُمْ وَأَنْتُمْ لِبَاسٌ لَهُنَّ عَلِمَ اللهُ أَنَّكُمْ كُنْتُمْ تَخْتَانُونَ أَنْفُسَكُمْ فَتَابَ عَلَيْكُمْ وَعَفَا عَنْكُمْ فَالْآنَ بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللهُ لَكُمْ وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ وَلَا تُبَاشِرُوهُنَّ وَأَنْتُمْ عَاكِفُونَ فِي الْمَسَاجِدِ تِلْكَ حُدُودُ اللهِ فَلَا تَقْرَبُوهَا كَذَلِكَ يُبَيِّنُ اللهُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَّقُونَ (البقرة: ١٨٧)

'നോമ്പിന്റെ രാത്രിയിൽ നിങ്ങളുടെ ഭാര്യമാരുമായുള്ള സംസർഗം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അവർ നിങ്ങൾക്കൊരു വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും ഒരു വസ്ത്രമാകുന്നു. (ഭാര്യാസമ്പർക്കം നിഷിദ്ധമായി കരുതിക്കൊണ്ട്) നിങ്ങൾ ആത്മവഞ്ചനയിൽ അകപ്പെടുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിരിക്കുന്നു. എന്നാൽ അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും പൊറുക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇനി മേൽ നിങ്ങൾ അവരുമായി സഹവസിക്കുകയും, (വൈവാ ഹിക ജീവിതത്തിൽ) അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് തേടു കയും ചെയ്തുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത

ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക. എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കുമ്പോൾ അവരു (ഭാര്യമാരു) മായി സഹവസിക്കരുത്. അല്ലാഹുവിന്റെ അതിർവരമ്പുകളാകുന്നു അവയൊക്കെ. നിങ്ങൾ അവയെ അതിലംഘിക്കുവാനടുക്കരുത്. ജനങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാനായി അല്ലാഹു അപ്രകാരം അവന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വ്യക്തമാക്കികൊടുക്കുന്നു."

അല്ലാഹു പറയുന്നു:

فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ ) (البقرة:١٨٥)

"അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസം കാണുന്നുവോ അവർ ആ മാസം വ്രതമനുഷ്ഠിക്കേണ്ടതാണ്."

മുകളിൽ നാം വിശദീകരിച്ച തെളിവിൻെറയടിസ്ഥാനത്തിൽ ഓരോ രാജ്യത്തിനും അവരുടെ ഉദയാസ്തമയങ്ങൾ ക്കനുസരിച്ച് പ്രത്യേകം പ്രത്യേകം വിധികളാണുള്ളത്. നോമ്പും പെരുന്നാളും അല്ലാഹു അവൻെറ ഖുർആനിലും, പ്രവാചകൻ(ﷺ) സുന്നത്തിലും വ്യക്തമാ ക്കിയത്പോലെ മാസം ദർശിക്കുകയെന്നതിൻെറ അടിസ്ഥാനത്തിലാണ് തീരുമാനിക്കുക.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

## 3- നോമ്പിൻെറ മര്യാദകൾ എന്തെല്ലാമാണ്?

ഉത്തരം: അല്ലാഹുവിൻെറ കൽപനകൾ പാലിക്കുകയും, വിരോധങ്ങളിൽ നിന്ന് വിട്ട്നിൽക്കുകയും ചെയ്ത് പരിപൂർണമായി തഖ്‌വയുള്ളവരായി ജീവിക്കുകയെന്നതാണ് നോമ്പിൻെറ മര്യാദ. അല്ലാഹു പറയുന്നു:

(يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ)

(البقرة:١٨٣)

“സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്.”

1- ഖുർആൻ പാരായണം, ദിക്റ് ചൊല്ലൽ ദാനധർമ്മങ്ങൾ നിർവ്വഹിക്കൽ, വെറുക്കപ്പെട്ട കാര്യങ്ങളിൽ നിന്ന് നാവിനെ നിയന്ത്രിക്കൽ എന്നിവ നോമ്പുകാരന് സുന്നത്താണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ عَنْهما قَالَ كَانَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَجْوَدَ النَّاسِ وَكَانَ أَجْوَدُ مَا يَكُونُ فِي رَمَضَانَ حِينَ يَلْقَاهُ جِبْرِيلُ وَكَانَ يَلْقَاهُ فِي كُلِّ لَيْلَةٍ مِنْ رَمَضَانَ فَيُدَارِسُهُ الْقُرْآنَ فَلَرَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَجْوَدُ بِالْخَيْرِ مِنَ الرِّيحِ الْمُرْسَلَةِ) (بخاري).

ഇബ്നു അബ്ബാസ്(﵁)വിൽ നിന്ന് നിവേദനം: “നബി(ﷺ) ജനങ്ങളിൽ വെച്ച് ഏറ്റവും ദാനധർമ്മം ചെയ്തിരുന്ന വ്യക്തിയായിരുന്നു. റമളാനിലെ ഓരോ രാത്രിയിലും ജിബ്രീൽ(ﵵ) നബി(ﷺ)ക്ക് ഖുർആൻ ഓതിക്കേൾപ്പിച്ചിരുന്നപ്പോഴാണ് പ്രവാചകൻ(ﷺ) ഏറ്റവും കൂടുതൽ ദാനധർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്. അപ്പോൾ അടിച്ചുവീശുന്ന കാറ്റിനേക്കാൾ ധർമ്മം നൽകുന്നവനായിരുന്നു” (ബുഖാരി)

2- ആരെങ്കിലും തന്നെ ആക്ഷേപിക്കുകയാണെങ്കിൽ ഞാൻ നോമ്പ്കാരനാണ്, എന്ന് പ്രഖ്യാപിക്കുന്നത് നല്ലതാണ്. ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച ഹദീസിൽ നമുക്ക് അത് കാണാവുന്നതാണ്.

(عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ الصِّيَامُ جُنَّةٌ إِذَا كَانَ أَحَدُكُمْ صَائِمًا فَلاَ يَرْفُثْ وَلاَ يَجْهَلْ فَإِنِ امْرُؤٌ قَاتَلَهُ أَوْ شَاتَمَهُ فَلْيَقُلْ إِنِّي صَائِمٌ إِنِّي صَائِمٌ) (بخاري ومسلم).

അബൂഹുറൈറി(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ) പറയുന്നു: നോമ്പ് പ രിചയാണ്, ആരെങ്കിലും നോമ്പുകാരനാണെങ്കിൽ അവൻ മ്ളേഛ പ്രവർത്തനങ്ങൾ ചെയ്യുവാനോ, അശ്രദ്ധ യിലാകുവാനോ പാടില്ല. ആരെങ്കിലും അവനെ ഉപദ്രവി ക്കുകയോ, ചീത്ത പറയുകയോ ആണെങ്കിൽ അവൻ ഞാൻ നോമ്പുകാരനാണെന്ന് പറയട്ടെ" (ബുഖാരി, മുസ്‌ലിം).

3- അത്താഴം കഴിക്കുന്നത് സുന്നത്താണ്. പ്രവാചകൻ(ﷺ) പറയുന്നു:

عن أَنَسَ بْنَ مَالِكٍ رَضِي اللهُ عَنْه قَالَ قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ تَسَحَّرُوا فَإِنَّ فِي السَّحُورِ بَرَكَةً)(متفق عليه) .

അബൂഹുറൈറി(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: "നിങ്ങൾ അത്താഴം കഴിക്കുക, തീർച്ചയായും അത്താഴം കഴിക്കുന്നതിൽ അനുഗ്രഹം ഉണ്ട്" (മുസ്‌ലിം)

4- അത്താഴം കഴിക്കുന്നത് അവസാന സമയത്തേക്ക് പിന്തിപ്പി ക്കുന്നതും നോമ്പു തുറക്കുന്നത് ആദ്യ സമയത്ത് തന്നെ വേഗമാ ക്കുന്നതും സുന്നത്താണ്.

( عَنْ أَبِي ذَرٍّ قَالَ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ لاَ تَزَالُ أُمَّتِي بِخَيْرٍ مَا عَجَّلُوا الْإِفْطَارَ وَأَخَّرُوا السُّحُورَ ) (أحمد)

അബൂദർറി(ﷺ)വിൽ നിന്ന്: നബി(ﷺ) പറയുന്നു: "അത്താഴം പിന്തിപ്പി ക്കുകയും ധൃതിയിൽ നോമ്പ് തുറക്കുകയും ചെയ്യു ന്ന കാലത്തോളം എന്റെ സമുദായം നന്മയിൽ തന്നെ യായിരിക്കും" (അഹ്മദ്)

5- ഈത്തപ്പഴം കൊണ്ടോ അല്ലെങ്കിൽ കാരക്ക കൊണ്ടോ അതുമല്ലെങ്കിൽ വെള്ളം കൊണ്ടോ നോമ്പ് തുറക്കുക. അതുമല്ലെങ്കിൽ ഏതു ഭക്ഷണ പാനീയം കൊണ്ടും നോമ്പ് തുറക്കാവുന്നതാണ്.

عن أَنَس بْنَ مَالِكٍ يَقُولُ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يُفْطِرُ عَلَى رُطَبَاتٍ قَبْلَ أَنْ يُصَلِّيَ فَإِنْ لَمْ تَكُنْ رُطَبَاتٌ فَعَلَى تَمَرَاتٍ فَإِنْ لَمْ تَكُنْ حَسَا حَسَوَاتٍ مِنْ مَاءٍ ) (أبوداود)

അനസ്ബ്നു മാലികി(ﷺ)ൽ നിന്ന്: പ്രവാചകൻ(ﷺ) നമസ്കരിക്കുന്നതിന് മുമ്പ് നോമ്പ് തുറന്നിരുന്നത് റുത്വബ് (പകുതി പഴുത്തതും, പകുതി പച്ചയായതുമായ ഈത്തപ്പഴം) കൊണ്ടായിരുന്നു. എന്നാൽ റുത്വബ് കിട്ടിയില്ലെങ്കിൽ കാരക്ക കൊണ്ടായിരുന്നു, അതും ലഭിച്ചില്ലെങ്കിൽ കുറച്ച് വെള്ളം കുടിച്ച് നോമ്പ് തുറന്നിരുന്നു" (അബൂദാവൂദ്)

6- തുറക്കുന്ന വേളയിൽ താഴെ വരും പ്രകാരം പ്രാർത്ഥിക്കലും സുന്നത്താണ്.

( عن ابْنَ سالمٍ المُقَفَّع قَالَ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا أَفْطَرَ قَالَ ذَهَبَ الظَّمَأُ وَابْتَلَّتِ الْعُرُوقُ وَثَبَتَ الْأَجْرُ إِنْ شَاءَ اللهُ ) (رواه أبو داود والحاكم والبيهقي).

ഇബ്നുസാലിം അൽ മുഖഫ്ഫഹി(ﷺ)ൽ നിന്ന്, പ്രവാചകൻ(ﷺ) നോമ്പ് തുറക്കുന്നവേളയിൽ ഇങ്ങനെ പറയാറുണ്ടായിരുന്നു: "ദാഹം തീർന്നു, ഞരമ്പുകൾ നനഞ്ഞു, ഇൻശാഅ് അല്ലാഹ് (അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ) അല്ലാഹുവിന്റെ പ്രതിഫലം സ്ഥിരപ്പെട്ടു" (അബൂദാവൂദ്)

7- മിസ്വാക്ക് ചെയ്യുന്നത് സുന്നത്താണ്. ആമിറുബ്നു റബീഅ: പറയുന്നു:

(عَنْ عَامِرِ بْنِ رَبِيعَةَ قَالَ: رَأَيْتُ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَسْتَاكُ وَهُوَ صَائِمٌ مَا لاَ أُحْصِي) (رواه احمد وأبو داود والترمذي).

ആമിറുബ്നു റബീഅ:(ﷺ)യിൽ നിന്ന്: "നബി തിരുമേനി(ﷺ) നോമ്പു കാരനായിരിക്കെതന്നെ എണ്ണിതിട്ടപ്പെടുത്തുവാൻ സാധിക്കാത്തത്ര മിസ്വാക്ക് ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്" (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ)

8- നോമ്പുകാരെ നോമ്പ് തുറപ്പിക്കുന്നത് സുന്നത്താണ്. ഹദീസ് ശ്രദ്ധിക്കുക.

(عَنْ زَيْدِ بْنِ خَالِدٍ الجُهَنِيِّ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ مَنْ فَطَّرَ صَائِمًا كَانَ لَهُ مِثْلُ أَجْرِهِ غَيْرَ أَنَّهُ لاَ يَنْقُصُ مِنْ أَجْرِ الصَّائِمِ شَيْئًا ))(رواه الترمذي وابن ماجه واحمد وابن حبان ).

സൈദ്ബ്നു ഖാലിദ്അൽ ജുഅനിയി(ﷺ)ൽ നിന്ന് "റസൂലുല്ലാഹി(ﷺ) പറയുന്നു: "നോമ്പു തുറപ്പിക്കുന്നവന് ആ നോമ്പുകാരൻെറ അത്ര തന്നെ പുണ്യം നേടാനാകും. എന്നാൽ അയാളുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറവ് വരികയുമില്ല" (തിർമിദി, ഇബ് നുമാജ, അഹ്മദ്, ഇബ്നു ഹിബ്ബാൻ)

9- റമളാനിൻെറ അവസാന പത്തിൽ 'ഇഅ്തികാഫ്' ഇരിക്കുന്നത് സുന്നത്താണ്. പ്രവാചകൻ(ﷺ) അവസാനത്തെ പത്തിൽ സ്ഥിരമായി ഇഹ്തികാഫ് ഇരിക്കാറുണ്ടായിരുന്നെന്ന് ഹദീസുകളിൽ കാണാനാവുന്നതാണ്.

(عَنْ عَبْدِاللهِ بْنِ عُمَرَ رَضِي اللهُ عَنْهما قَالَ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَعْتَكِفُ الْعَشْرَ الْأَوَاخِرَ مِنْ رَمَضَانَ ) (بخاري)

അബ്ദുല്ലാഇബ്നുഉമർ(ﷺ) പറയുന്നു: "പ്രവാചകൻ(ﷺ) റമളാനിൻെറ അവസാനപത്തിൽ ഇഅ്തികാഫ് ഇരുന്നിരുന്നു" (ബുഖാരി).

10- നോമ്പുകാരൻെറ എല്ലാ സമയങ്ങളിലും, പ്രത്യേകിച്ച് റമളാ നിൻെറ അവസാന പത്തിൽ എല്ലാ ഇബാദത്തുകളും അനുഷ്ഠിച്ച് പുണ്യം നേടാൻ ജാഗ്രത കാണിക്കുന്നത് സുന്നത്താണ്. താഴെ കൊടുത്തിരിക്കുന്ന ഹദീസ് കാണുക.

عَنْ عَائِشَةَ رَضِي اللهُ عَنْهَا قَالَتْ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ الْعَشْرُ أَحْيَا اللَّيْلَ وَأَيْقَظَ أَهْلَهُ وَجَدَّ وَشَدَّ المِئْزَرَ ) (متفق عليه)

ആഇശാ(رضي الله عنها) പറയുന്നു: "അവസാനത്തെപ്പത്ത് കടന്ന് വന്നാൽ തിരുമേനി(ﷺ) ഉറക്കമൊഴിക്കുകയും, തന്റെ കുടുംബത്തെ ഉണർത്തുകയും ആരാധനാനുഷ്ഠാനങ്ങൾക്കായി കഠിന പരിശ്രമം നടത്തുകയും ചെയ്യുമായിരുന്നു" (മുത്തഫഖുൻ അലൈഹി)

<u>മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).</u>

## 4- നോമ്പുകാരന് ചികിൽസാർത്ഥം ഇഞ്ചക്ഷൻ പാടുണ്ടോ?

ഉത്തരം: നോമ്പുകാരന് ചികിൽസാർത്ഥം ഇഞ്ചക്ഷൻ വെക്കാവുന്നതാണ്, ആ കാരണത്താൽ നോമ്പ് മുറി യുകയില്ല, അതുപോലെ പരിശോധനക്കായി രക്തമെടുക്കുന്നത് കൊണ്ടും നോമ്പ് മുറിയുകയില്ല. എന്നാൽ ആഹാരത്തിന് പകരമായി ഉപയോഗിക്കുന്ന ഇഞ്ചക്ഷൻ നോമ്പുകാരന് അനുവദനീയമല്ല.

<u>അബ്ദുൽ അസീസ്ബ്നുബാസ് (റ)</u>

## 5- നോമ്പുകാരന് പേസ്റ്റ് പോലെയുള്ളവ ഉപയോഗിച്ച് ദന്ത ശുദ്ധീകരണം നടത്തുവാൻ പാടുണ്ടോ? അതുപോലെ നോമ്പുകാരന് കണ്ണിലോ, മൂക്കിലോ, ചെവിയിലോ തുള്ളി മരുന്ന് ഉപയോഗിക്കുവാൻ പാടുണ്ടോ?

ഉത്തരം: അറാക്ക്, പേസ്റ്റ് പോലെയുള്ളവ ഉപയോഗിച്ച് ദന്ത ശുദ്ധീകരണം നടത്തിയാൽ നോമ്പ് അസാധുവാകുകയില്ല. അതുപോലെ കണ്ണിലും, ചെവിയിലും തുള്ളിമരുന്ന് ഉപയോഗിക്കുന്നത് കൊണ്ട് നോമ്പ് നിഷ്ഫലമാകുകയില്ല എന്നതാണ് പണ്ഡിതൻ മാർക്കിടയിലെ പ്രബലമായ അഭിപ്രായം. എന്നാൽ അവ ഉപയോഗിക്കുന്നവന്റെ തൊണ്ടയിൽ അതിന്റെ രുചി അനുഭവപ്പെടുകയാണെങ്കിൽ അവൻ അത് നോറ്റുവീട്ടലാണ് സൂക്ഷ്മതക്ക് നല്ലത്, നിർബ്ബന്ധമില്ല. കാരണം കണ്ണും, ചെവിയും ഭക്ഷണം പ്രവേശിപ്പിക്കുന്ന സ്ഥലമല്ലല്ലോ. എന്നാൽ നോമ്പുകാരനായിരിക്കെ മൂക്കിൽ തുള്ളി മരുന്ന് ഉപയോഗിക്കുവാൻ പാടുള്ളതല്ല. കാരണം

മൂക്കിലൂടെ ഭക്ഷണ സാധനങ്ങൾ പ്രവേശിപ്പിക്കാറുണ്ടല്ലോ. നബി പറയുകയുണ്ടായി:

(وَبَالِغْ فِي اِلاسْتِنْشَاقِ إِلَّا أَنْ تَكُونَ صَائِمًا) (أبوداود)

“നീ നോമ്പുകാരനല്ലാതിരിക്കെ മൂക്കിൽ ശരിക്കും വെള്ളം കയറ്റിചീറ്റണം”(അബൂദാവൂദ്)

ഈ ഹദീസിൻെറ അടിസ്ഥാനത്തിൽ ആരെങ്കിലും മൂക്കിൽ തുള്ളിമരുന്ന് ഉപയോഗിക്കുകയാണെങ്കിൽ അവൻ അത് നോറ്റ് വീട്ടണം. കാരണം അതിൻെറ രുചി അവൻെറ തൊണ്ടയിൽ അനുഭവപ്പെടുന്നതാണ്.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**6- നോമ്പുകാരനായിരിക്കെ ഒരാൾ പല്ല് പറിക്കുകയോ, അതല്ലെങ്കിൽ പല്ല് മരുന്ന് ഉപയോഗിച്ച് വൃത്തിയാക്കുകയോ ചെയ്തു, അതിന്വേണ്ടി ഡോക്ടർ വേദന സംഹാരി കുത്തിവെക്കുകയും ചെയ്തു. അതിൻെറ വിധിയെന്താണ്?**

ഉത്തരം: ചോദ്യത്തിൽ പറയുന്ന രൂപത്തിലുള്ള കാര്യം ചെയ്യുന്നതിന് പ്രശ്നമില്ല. അതെല്ലാം അനുവദിക്കപ്പെട്ട കാര്യമാണ്. എന്നാൽ മരുന്ന് വായയിലൂടെ ഇറങ്ങി പോകുന്നത് ശരിക്കും ശ്രദ്ധിക്കണം. അതുപോലെ വേദന സംഹാരിയായി തരിപ്പിക്കുവാനുള്ള ഇഞ്ചക്ഷൻ ഉപയോഗി ക്കാവുന്നതാണ്, കാരണം അത് ഭക്ഷണ പാനീയത്തിന് വേണ്ടി ഉപയോഗിക്കുന്നതല്ലല്ലോ.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**7- നോമ്പുകാരനായിരിക്കെ ആരെങ്കിലും മറന്ന്കൊണ്ട് ആഹാര പാനീയം കഴിച്ചാൽ അതിൻെറ വിധിയെന്താണ്?**

ഉത്തരം: നോമ്പുകാരനായിരിക്കെ ആരെങ്കിലും മറന്ന്കൊണ്ട് ആഹാര പാനീയം കഴിച്ചാൽ ഒരു പ്രശ്നവുമില്ല, അവൻെറ നോമ്പ് ശരിയാവും. കാരണം അല്ലാഹു പറയുന്നു:

(رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا) (البقرة:٢٨٦)

“ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ”. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنْ أَبِي هُرَيْرَةَ رَضِي اللهُ عَنْه عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ إِذَا نَسِيَ فَأَكَلَ وَشَرِبَ فَلْيُتِمَّ صَوْمَهُ فَإِنَّمَا أَطْعَمَهُ اللهُ وَسَقَاهُ) (متفق عليه).

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: “ആരെങ്കിലും മറന്നു കൊണ്ട് ഭക്ഷണം കഴിക്കുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കട്ടെ. കാരണം അല്ലാഹുവാണ് അവനെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്തത്” (മുത്തഫഖുൻ അലൈഹി)

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**8- മതപരമായ യാതൊരു കാരണവും കൂടാതെ റമളാനിൽ വിട്ട്പോയ നോമ്പ് അടുത്ത റമളാൻ വരെ ഒരാൾ വീട്ടിയില്ല, അവന് അതിന് തൗബ ചെയ്യുന്നതോടൊപ്പം വിട്ട് പോയ നോമ്പ് നോറ്റുവീട്ടിയാൽ പോരെ, അതല്ല, അവൻ വല്ല പ്രായശ്ചിത്തവും ചെയ്യേണ്ടതുണ്ടാ?**

ഉത്തരം: അല്ലാഹുവിനോട് പശ്ചാതാപിക്കുന്നതോടൊപ്പം ഓരോ ദിവസത്തിനും പകരം ഒരു അഗതിക്ക് ഭക്ഷണം നൽകുകയും, നോറ്റുവീട്ടുകയും ചെയ്യേണ്ടതുണ്ട്. വേറെ പ്രായശ്ചിത്തമൊന്നുമില്ല. ഇബ്നു അബ്ബാസിനെപ്പോലെയുള്ള സ്വഹാബികൾ ഇതുപോലെ ഫത്വ നൽകിയിട്ടുണ്ട്. എന്നാൽ രോഗി, യാത്രക്കാരൻ, ഗർഭിണി, മൂലയൂട്ടൽ തുടങ്ങിയ മതപരമായ ഒഴിവ്കഴിവുണ്ടെങ്കിൽ നോറ്റുവീട്ടിയാൽ മതി വേറെ ഒന്നും ചെയ്യേണ്ടതില്ല.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

## 9- നമസ്കരിക്കാത്തവൻ നോമ്പനുഷ്ടിച്ചാൽ ആ നോമ്പ് സാധുവാകുമോ?

ഉത്തരം: മന:പൂർവ്വം നമസ്കാരം ഉപേക്ഷിക്കുന്നത് കുഫ്റാകുന്നു. അല്ലാഹുവിനോട് പശ്ചാതാപിച്ച് നമസ്കാരം തുടങ്ങുന്നത്വരെ അവൻെറ നോമ്പോ, മറ്റു ആരാധനകളോ സ്വീകാര്യമാവില്ല. അല്ലാഹു പറയുന്നു:

(وَلَوْ أَشْرَكُوا لَحَبِطَ عَنْهُمْ مَا كَانُوا يَعْمَلُونَ) (الأنعام: ٨٨ )

"അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു".

ഇതേ ആശയം വരുന്ന ആയത്തുകളും, ഹദീസുകളും ധാരളം നമുക്ക് കാണാവുന്നതാണ്. എന്നാൽ നമസ്കാരം നിർബ്ബന്ധമാണെന്ന് വിശ്വസിക്കുകയും, അത് അലസത കാരണം ഒഴിവാക്കുകയും ചെയ്താൽ അത് കുഫ്റല്ല, അതുപൊലെ നോമ്പ് ഉൾപ്പെടെയുള്ള അവൻെറ ആരാധനകൾ സ്വീകാര്യമാവുമെന്ന് അഭിപ്രായമുള്ള ഒരു കൂട്ടം പണ്ഡിതൻമാർ ഉണ്ട്. എന്നാൽ ആദ്യം പറഞ്ഞ അഭിപ്രായമാണ് ശരിയായിട്ടുള്ളത്. അതായത് നമസ്കാരം നിർബ്ബന്ധമാണെന്ന് വിശ്വസിക്കുകയും, എന്നാൽ മന:പൂർവ്വം അത് ഉപേക്ഷിക്കുകയും ചെയ്താൽ അത് കുഫ്റാണെന്ന് ഒട്ടനവധി തെളിവുകളിലൂടെ നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നതാണ്. റസൂലുല്ലാഹ് പറയുന്നു:

(عَنْ أَبِي سُفْيَانَ قَالَ سَمِعْتُ جَابِرًا يَقُولُ سَمِعْتُ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: إِنَّ بَيْنَ الرَّجُلِ وَبَيْنَ الشِّرْكِ وَالْكُفْرِ تَرْكَ الصَّلاَةِ ) (مسلم)

അബൂസുഫ്യാൻ നിവേദനം. പ്രവാചകൻ(ﷺ) പറയുന്നത് ഞാൻ കേട്ടുവെന്ന് ജാബിർ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: "ഒരു വ്യക്തിയുടെയും ശിർക്കിൻെറയും അവിശ്വാസത്തിൻെറയും ഇടയിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാകുന്നു" (മുസ്ലിം). വീണ്ടും കാണുക:

(عَنْ عَبْدِ اللَّهِ بْنِ بُرَيْدَةَ عَنْ أَبِيهِ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: إِنَّ الْعَهْدَ الَّذِي بَيْنَنَا وَبَيْنَهُمُ الصَّلَاةُ فَمَنْ تَرَكَهَا فَقَدْ كَفَرَ) (الترمذي والنسائي)

അബ്ദുല്ലാബ്നു ബുറൈദ(റ) തൻെറ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: പ്രവാചകൻ(ﷺ) പറയുന്നു: “തീർച്ചയായും നമ്മുടെയും അവരുടെയും ഇടയിലുള്ള കരാർ (വ്യത്യാസം) നമസ്കാരമാണ്, അതാരാണ് ഉപേക്ഷിക്കുന്നത് അവൻ അവിശ്വസിച്ചിരിക്കുന്നു” (തിർമിദി, നസാഇ)

നമസ്കാരത്തിൻെറ വിധിയും, അത് ഉപേക്ഷിക്കുന്നതിൻെറ ഗൗരവവും വ്യക്തമാക്കുന്ന വിഷയത്തിൽ അല്ലാമാ ഇബ്നുൽഖയ്യിം വളരെ വ്യക്തമായി ഒരു ലേഖനം എഴുതിയിട്ടുണ്ട്. കൂടുതൽ വിശദീകരണം ആവശ്യമുള്ളവർ അത് പരിശോധിക്കട്ടെ.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

## 10- യാത്രക്കാർക്ക് നോമ്പെടുക്കുന്നതാണോ, ഉപേക്ഷിക്കുന്നതാണോ ഏറ്റവും നല്ലത്, പ്രത്യേകിച്ച് വിമാനം പോലെയുള്ള യാത്രാ സൗകര്യങ്ങൾ ഉള്ള ഈ കാലത്ത്?

ഉത്തരം: യാത്രക്കാരന് നോമ്പൊഴിവാക്കുന്നതാണ് നിരുപാധികം നല്ലത്. എന്നാൽ യാത്രക്കാരന് നോമ്പ് എടുക്കാവുന്നതുമാണ്. കാരണം പ്രവാചകൻ(ﷺ)യിൽ നിന്ന് ഈ വിഷയത്തിൽ ഹദീസ് സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. സ്വഹാബികളിൽ പലയാളുകളും യാത്രയിൽ നോമ്പനുഷ്ടിക്കുമായിരുന്നു, എന്നാൽ ഉഷ്ണം അധികമാവുകയും, പ്രയാസ മുണ്ടാവു കയും ചെയ്താൽ അവർ നോമ്പ് ഒഴിവാക്കുകയും ചെയ്തി രുന്നു. പ്രയാസം വർദ്ധിക്കുമ്പോൾ നോമ്പെടുക്കുന്നത് വെറുക്കപ്പെട്ടതാണ്. കാരണം ഒരു യാത്രയിൽ ഒരാൾക്ക് കുറച്ചാളുകൾ തണൽ വിരിച്ച് കൊടുത്തത് കണ്ടപ്പോൾ പ്രവാചകൻ(ﷺ) കാരണമന്വേഷിച്ചു, നോമ്പുകാരനാണെന്ന് അറിഞ്ഞപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി:

عَنْ جَابِرِ بْنِ عَبْدِ اللهِ رَضِيَ اللهُ عَنْهُما قَالَ كَانَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فِي سَفَرٍ فَرَأَى زِحَامًا وَرَجُلًا قَدْ ظُلِّلَ عَلَيْهِ فَقَالَ مَا هَذَا فَقَالُوا صَائِمٌ فَقَالَ لَيْسَ مِن الْبِرِّ الصَّوْمُ فِي السَّفَرِ (بخاري)

ജാബിറുബ്നു അബ്ദുല്ലാഹി(ﷺ)വിൽ നിന്ന് നബി(ﷺ) ഒരു യാത്രയിലായിരുന്നു, അപ്പോഴതാ ഒരു സ്ഥലത്ത് ഒരാൾക്ക് തണലിട്ട് കൊടുത്തിരിക്കുന്ന തിരക്ക് കാണുകയുണ്ടായി, ചോദിച്ചു, അതെന്താണ്? പറയപ്പെട്ടു: നോമ്പുകാരനാണ്, റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: യാത്രയിൽ നോമ്പനുഷ്ടിക്കുന്നത് പുണ്യത്തിൽ പെട്ടതല്ല." (ബുഖാരി)

റസൂലുല്ലാഹ്(ﷺ) പറയുന്നു:

عَنِ ابْنِ عُمَرَ قَالَ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِنَّ اللهَ يُحِبُّ أَنْ تُؤْتَى رُخَصُهُ كَمَا يَكْرَهُ أَنْ تُؤْتَى مَعْصِيَتُهُ (بخاري)

ഇബ്നു ഉമരി(ﷺ)വിൽ നിന്ന്, റസൂലുല്ലാഹി(ﷺ) പറഞ്ഞു: അല്ലാഹു നൽകിയ ഇളവുകൾ എടുക്കുന്നത് അവൻ ഇഷ്ടപ്പെടുന്നു, അവൻ വിരോധിച്ച തിൻമകൾ ചെയ്യുന്നത് അവൻ വെറുക്കുന്നത് പോലെ" (ബുഖാരി)

ഇതാണ് ഇതിലുള്ള നിയമം, യാത്ര കാറിലോ, ഒട്ടകപ്പുറത്തോ, കപ്പലിലോ, വിമാനത്തിലോ ഏത് വാഹനത്തിലായാലും അവൻ യാത്രക്കാരനാണ്. അവർക്കൊക്കെ അല്ലാഹുവിൻെറ ഇളവുകൾ ബാധകമാണ്. അല്ലാഹു യാത്രക്കാർക്കും, നാട്ടിൽ താമസിക്കുന്നവർക്കുമുള്ള നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, അത് പ്രവാചകൻെറ കാലത്തിനും, അവസാനനാൾവരെയുമുള്ള നിയമങ്ങളാണ്. അത് മുഴുവൻ കാലങ്ങൾക്കും യോജിച്ചതാണ്. കാലത്തിനനുസരിച്ച് നിയമങ്ങളും, വിധികളും മാറുമെങ്കിൽ അല്ലാഹു അത് വ്യക്തമാക്കുമായിരുന്നു, അല്ലാഹു പറയുന്നു:

(وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِكُلِّ شَيْءٍ وَهُدًى وَرَحْمَةً وَبُشْرَى لِلْمُسْلِمِينَ) (النحل:٨٩)

“എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷ വാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്”.

وَالْخَيْلَ وَالْبِغَالَ وَالْحَمِيرَ لِتَرْكَبُوهَا وَزِينَةً وَيَخْلُقُ مَا لَا تَعْلَمُونَ (النحل: ٨)

“കുതിരകളെയും കോവർകഴുതകളെയും, കഴുതകളെയും (അവൻ സൃഷ്ടിച്ചിരിക്കുന്നു.) അവയെ നിങ്ങൾക്ക് വാഹനമായി ഉപയോഗിക്കുവാനും, അലങ്കാരത്തിന് വേണ്ടിയും. നിങ്ങൾക്ക് അറിവില്ലാത്തതും അവൻ സൃഷ്ടിക്കുന്നു.”

അബ്ദുൽ അസീസ്ബ്നുബാസ് (റ)

## 11- ഗർഭിണികൾക്കും, മുലയൂട്ടുന്നവർക്കും നോമ്പൊഴിവാക്കാൻ അനുവാദമുണ്ടോ? പിന്നീടവർ നോറ്റ് വീട്ടേണ്ടതുണ്ടോ? അതല്ല, അതിന് പ്രായ്ശ്ചിത്തം ചെയ്താൽ മതിയോ?

ഉത്തരം: ഗർഭിണികളുടെയും, മുലയൂട്ടുന്നവളുടെയും വിധി രോഗികളുടെ വിധിയാണ്. രോഗിയെ പോലെ അവർക്ക് നോമ്പനുഷ്ടിക്കാൻ പ്രയാസമാണെങ്കിൽ അവർക്ക് ഒഴിവാക്കാം, പകരം കഴിവുണ്ടാവുമ്പോൾ നോറ്റ് വീട്ടിയാൽ മതിയാവുന്നതാണ്. എന്നാൽ ചില പണ്ഡിതൻമാർ പറയുന്നത് അവർ ഓരോ ദിവസത്തിനും ഒരു സാധുവിന് ഭക്ഷണം നൽകിയാൽ മതിയെന്ന്, എന്നാൽ ഈ അഭിപ്രായം വളരെ ദുർബ്ബലമാണ്. യഥാർത്ഥിൽ അവർ രോഗി, യാത്രക്കാർ എന്നിവരെപോല നോറ്റ് വീട്ടിയാൽ മതി. അല്ലാഹു പറയുന്നു:

( فَمَنْ كَانَ مِنْكُمْ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَرَ) (البقرة:١٨٤)

“നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്.)”

قَالَ النَّبِيّ صَلَّى اللهُ عَلَيْهِ وَسَلَّمَ : إِنَّ اللهَ وَضَعَ عَنْ المُسَافِرِ شَطْرَ الصَّلَاةِ وَعَنْ المُسَافِرِ وَالحَامِلِ وَالمُرْضِعِ الصَّوْمَ (أبوداود ، نسائي)

നബി(ﷺ) പറഞ്ഞു: യാത്രക്കാരന് നമസ്കാരം അല്ലാഹു പകുതിയായി നിശ്ചയിച്ചിരിക്കുന്നു, യാത്രക്കാരനും, ഗർഭിണി ക്കും, മുലയൂട്ടുന്നവൾ ക്കും നോമ്പ് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു" (അബൂദാവൂദ്, നസാഇ).

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**12- നോമ്പ് ഉപേക്ഷിക്കുവാൻ അനുവാദമുള്ള വൃദ്ധർ, ദുർബ്ബലർ, ഒരിക്കലും ഭേദമാവത്ത രോഗികൾ പോലെ യുള്ളവർക്ക് പ്രായ്ശ്ചിത്തം അനിവാര്യമാണോ?**

ഉത്തരം: നോമ്പനുഷ്ടിക്കാൻ കഴിയാത്ത വൃദ്ധർ, ദുർബ്ബലർ, ഒരിക്കലും ഭേദമാവത്ത രോഗികൾ എന്നിവർ കഴിവുള്ളവരാ ണെങ്കിൽ ഓരോദിവസത്തിനും പകരമായി ഓരു സാധുവിന് ഭക്ഷണം നൽകേണ്ടതാണ്. ഇബ്നു അബ്ബാസിനെ പോലെയുള്ള സ്വഹാബികൾ ഈ വിഷയത്തിൽ ഇതുപോലെ ഫത്വ നൽകിയതായി നമുക്ക് കാണാവുന്നതാണ്.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**13- ആർത്തവം, പ്രസവരക്തം തുടങ്ങിയ അവസരങ്ങളിൽ സ്ത്രീ കളുടെ നോമ്പിൻെറ വിധിയെന്താണ്? വിട്ട്പോയ നോമ്പ് അടുത്ത റമളാൻ വരെ പിന്തിപ്പിക്കുന്നതിൻെറ വിധിയെന്താണ്?**

ഉത്തരം: ആർത്തവകാരി, പ്രസവ രകത്മുള്ളവൾ തുടങ്ങി യവർക്ക് നോമ്പനുഷ്ടിക്കുന്നതും, നമസ്കരിക്കു ന്നതും നിഷിദ്ധമാണ്. അവരത് ചെയ്താൽ ശരിയാവില്ല. എന്നാൽ അവർക്ക് ശുദ്ധിയായാൽ നോമ്പ് വീട്ടേണ്ടതുണ്ട്, എന്നാൽ നമസ്കാരം വീട്ടേണ്ടതില്ല. കാരണം ആയിശാ പറയുന്നു:

عَنْ عَاصِمٍ عَنْ مُعَاذَةَ قَالَتْ سَأَلْتُ عَائِشَةَ فَقُلْتُ مَا بَالُ الْحَائِضِ تَقْضِي الصَّوْمَ وَلَا تَقْضِي الصَّلَاةَ فَقَالَتْ أَحَرُورِيَّةٌ أَنْتِ قُلْتُ لَسْتُ بِحَرُورِيَّةٍ وَلَكِنِّي أَسْأَلُ قَالَتْ كَانَ يُصِيبُنَا ذَلِكَ فَنُؤْمَرُ بِقَضَاءِ الصَّوْمِ وَلَا نُؤْمَرُ بِقَضَاءِ الصَّلَاةِ (مسلم)

മുആദ(ﷺ)വിൽ നിന്ന്, അവർ പറഞ്ഞു, ആയിശായോട് ഞാൻ ചോദിക്കുകയുണ്ടായി, ആർത്തവകാരി നോമ്പ് നോറ്റു വീട്ടണം, എന്നാൽ നമസ്കാരം വീട്ടേണ്ടതില്ല, എന്താണിതിന് കാരണം. അപ്പോൾ ആയിശാ പറയുകയുണ്ടായി: നീ ഹറൂറിയ്യയാണോ? (ഖവാരിജുകളിലെ ഒരു വിഭാഗം) ഞാൻ പറഞ്ഞു, ഞാൻ ഹറൂറിയല്ല, പക്ഷേ, അറിയാൻ വേണ്ടി ചോദിക്കുകയാണ്. ആയിശാ(رضي الله عنها). പറയുകയുണ്ടായി: ഞങ്ങൾക്ക് അത് (ആർത്തവം) ഉണ്ടാവാറുണ്ട്, ആ സമയം ഒഴിവായ നോമ്പ് നോറ്റ് വീട്ടുവാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു, എന്നാൽ നമസ്കാരം വീട്ടുവാൻ ഞങ്ങൾ കൽപിക്കപ്പെട്ടിട്ടില്ല" (മുസ്‌ലിം)

ഈ ഹദീസിൻെറ അടിസ്ഥാനത്തിൽ, ആർത്തവകാരികളും, പ്രസവ രക്തക്കാരികളും നോമ്പ് നോറ്റുവീട്ടേണ്ടതുണ്ട്, എന്നാൽ നമസ്കാരം വീട്ടേണ്ടതില്ലായെന്നത് ലോകത്തെ മുഴുവൻ മുസ്‌ലിം പണ്ഡിതൻമാരും യോജിച്ച കാര്യമാണ്. ഇത് സ്ത്രീകളോടുള്ള അല്ലാഹുവിൻെറ കാരു ണ്യവും, എളുപ്പവുമാകുന്നു. കാരണം നമസ്കാരം ഓരോ ദിവസവും അഞ്ച് തവണ ആവർത്തിച്ചു വരുന്നുണ്ടല്ലോ, അത് വീട്ടുവാൻ അവർക്ക് പ്രയാസകരമായിരിക്കും. എന്നാൽ നോമ്പ് വർഷത്തിൽ ഒരു പ്രാവശ്യം റമളാനിൽ മാത്രമാണല്ലോ, അത് വീട്ടുവാൻ പ്രയാസമു ണ്ടാവില്ല. വീട്ടേണ്ട നോമ്പ് കഴിവുണ്ടായിട്ടും, അവസര മുണ്ടായിട്ടും ദീനിപരമായ ഒഴിവ് കഴിവൊന്നുമില്ലാതെ അടുത്ത റമളാൻവരെ പിന്തിപ്പിക്കു കയാണെങ്കിൽ അവർ തൗബ ചെയ്യുന്നതോടൊപ്പം നോറ്റു വീട്ടുകയും, ഓരോ ദിവസത്തിനും ഓരോ അഗതിക്ക് ഭക്ഷണം നൽകുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ അടുത്ത റമളാൻ വരെ രോഗം കൊണ്ടോ, യാത്ര കൊണ്ടോ നോറ്റു

വീട്ടുവാൻ സാധിച്ചില്ലായെങ്കിൽ രോഗം സുഖമായതിന് ശേഷം വീട്ടിയാൽ മതി, അഗതികൾക്ക് ഭക്ഷണം നൽകേണ്ടതില്ല.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**14- റമളാനിലെ നോമ്പ് വീട്ടുവാനുള്ളവരെ സംബന്ധിച്ചിടത്തോളം ശവ്വാലിലെ ആറ് നോമ്പ്, ദുൽഹിജ്ജയിലെ നോമ്പ്, മുഹർറത്തിലെ നോമ്പ് തുടങ്ങിയ സുന്നത്ത് നോമ്പിൻെറ വിധിയെന്താണ്?**

ഉത്തരം: ആർക്കാണോ നിർബ്ബന്ധമായ നോമ്പ് വീട്ടാനുള്ളത് അവർ സുന്നത്ത് നോമ്പെടുക്കുന്നതിന് മുമ്പ് അത് വീട്ടേണ്ടതുണ്ട്. പണ്ഡിതൻമാരുടെ ഏറ്റവും പ്രബലമായ അഭിപ്രായമനുസരിച്ച് ഫർളായ കാര്യങ്ങൾക്ക് സുന്നത്തായ കാര്യങ്ങളേക്കാൾ പ്രാധാന്യം നൽകേണ്ടതുണ്ട്.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**15- രോഗിക്ക് റമളാനിൽ നോമ്പനുഷ്ടിക്കുവാൻ സാധിച്ചില്ല, ആ റമളാനിന് ശേഷം അദ്ദേഹം മരണപ്പെടുകയും ചെയ്തു, എന്നാൽ അതിൻെറ വിധിയെന്താണ്?**

ഉത്തരം: റമളാനിന് ശേഷം വീട്ടുവാൻ സാധ്യമാവാതെ മരണപ്പെടുകയാണെങ്കിൽ അവന് പകരമായി നോറ്റു വീട്ടുകയോ, പ്രായ്ശ്ചിത്തം നൽകുകയോ വേണ്ടതില്ല. കാരണം അവന് ശറഇയായ ഒഴിവ്കഴിവുണ്ട്. അതുപോലെ യാത്രക്കാരൻ തൻെറ യാത്രയിലോ, യാത്ര കഴിഞ്ഞുവന്ന ഉടനെയോ മരണപ്പെടുകയോ ചെയ്താൽ അവനും മതപരമായ ഒഴിവ്കഴിവുണ്ടായതിനാൽ തന്നെ അവന് പകരമായി നോറ്റുവീട്ടുകയോ, പ്രായ്ശ്ചിത്തം നൽകുകയോ വേണ്ടതില്ല. എന്നാൽ രോഗം സുഖമാവുകയും, നോറ്റു വീട്ടുവാനുള്ള സാഹചര്യമുണ്ടാവുകയും ചെയ്തിട്ട് അത് നോറ്റുവിട്ടാതെ മരണപ്പെടുകയാണെങ്കിൽ അവൻെറ അടുത്ത ബന്ധുക്കൾ നോറ്റുവീട്ടേണ്ടതുണ്ട്. അതുപോലെ

യാത്രക്കാരൻെറയും സ്ഥിതി അത് തന്നെ. കാരണം റസൂലുല്ലാഹ്(ﷺ) പറയുന്നു:

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَنْ مَاتَ وَعَلَيْهِ صِيَامٌ صَامَ عَنْهُ وَلِيُّهُ (بخاري)

ആയിശാ(رضي الله عنها)യിൽ നിന്ന്, റസൂലുല്ലാഹ്(ﷺ) പറഞ്ഞു: നോമ്പ് വീട്ടുവാനുണ്ടായിരിക്കെ ആരെങ്കിലും മരണപ്പെടുക യാണെങ്കിൽ അവൻെറ രക്ഷാധികാരികൾ ആദ്ദേഹ ത്തിന് വേണ്ടി അത് നോറ്റു വീട്ടേണ്ടതാണ്" (ബുഖാരി)

എന്നാൽ നോറ്റുവീട്ടാൻ കഴിയില്ലെങ്കിൽ നോമ്പനുഷ്ടിക്കാൻ കഴിയാത്ത വയോവൃദ്ധർ, ഒരിക്കലും രോഗം ഭേദമാവാ ത്തവരെ പോലെ ഓരോ ദിവസത്തിനും ഓരോ അഗതിക്ക് പകുതി സ്വാഅ് (ഒന്നര കിലോ തൂക്കം) ഭക്ഷണം പ്രായ്ശ്ചിത്തം നൽകേണ്ടതാണ്. അതുപോലെ ആർത്തവ വും, പ്രസവരക്തവുമുള്ള സ്ത്രീകൾക്ക് വീട്ടേണ്ട സാഹച ര്യം ലഭിച്ചിട്ടും വീട്ടാതെ മരണപ്പെടുകയാണെങ്കിൽ അവരു ടെയും കാര്യം ഇതുപോലെയാണ്. എന്നാൽ മരണപ്പെട്ടവർ യാതൊന്നും അനന്ത രമായി വിട്ടേച്ച്പോയിട്ടില്ലെങ്കിൽ ഒന്നും ചെയ്യേണ്ടതില്ല. കാരണം അല്ലാഹു പറയുന്നു:

(لَا يُكَلِّفُ اللهُ نَفْسًا إِلَّا وُسْعَهَا) (البقرة:٢٨٦)

"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല."

(فَاتَّقُوا اللهَ مَا اسْتَطَعْتُمْ) (التغابن:١٦)

"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക".

അബ്ദുൽ അസീസ്ബ്നുബാസ്(റ)

**16- ആർത്തവമുള്ള സ്ത്രീക്ക് റമളാനിൻെറ പകലിൽ ശുദ്ധിയായാൽ അവൾ എന്താണ് ചെയ്യേണ്ടത്?**

ഉത്തരം: പണ്ഡിതൻമാരുടെ രണ്ട് അഭിപ്രായങ്ങളിൽ ഏറ്റവും ശരിയായത് അവൾക്ക് മതപരമായ ഒഴിവ്കഴിവ് നീങ്ങിയത്കൊണ്ട് തന്നെ പകലിൽ എപ്പോഴാണോ ശുദ്ധിയായത് ആ സമയം മുതൽ അവൾ നോമ്പ് പിടിക്കുകയും, ആ ദിവസത്തിന് പകരമായി നോറ്റു വീട്ടുകയും ചെയ്യേണ്ടതുണ്ട് എന്നതാണ്. അതുപോലെ ഒരു സ്ഥലത്ത് റമളാൻ മാസം കണ്ടവിവരം റമളാനിൻെറ പകലിലാണ് അറിഞ്ഞതെ ങ്കിൽ ആ ദേശത്തെ മുസ്ലീങ്ങൾ എപ്പോഴാണോ അറിഞ്ഞത് അപ്പോൾ മുതൽ നോമ്പനുഷ്ടിക്കുകയും, അതിന് പകരമായി വേറെ ഒരു ദിവസം നോറ്റുവീട്ടുകയും ചെയ്യേണ്ടതുണ്ട്. ഇതാണ് ഭൂരിപക്ഷം പണ്ഡിതൻമാരുടെയും അഭിപ്രായം. ഇത് തന്നെയാണ് റമളാനിൻെറ പകലിൽ യാത്ര കഴിഞ്ഞ്വരുന്ന യാത്രക്കാരൻെറയും വിധി, അവൻ ബാക്കി സമയം നോമ്പെടുക്കുകയും, പകരം വേറെ ഒരു ദിവസം നോറ്റുവീട്ടുകയും ചെയ്യണമെന്നാണ് പണ്ഡിതൻമാർ വ്യക്തമാക്കുന്നത്.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

(ചില പണ്ഡിതൻമാർ വ്യക്തമാക്കുന്നത് ആർത്തവകാരി നോമ്പിൻെറ പകൽ സമയത്താണ് ശുദ്ധിയാകുന്നതെങ്കിൽ അവശേഷിക്കുന്ന സമയം നോമ്പനുഷ്ടിക്കണമെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പരസ്യമായി ഭക്ഷണപാനീയങ്ങൾ കഴിക്കുക പോലെയുള്ള നോമ്പിൻെറ ചൈതന്യത്തിനും, പരിശുദ്ധിക്കും കോട്ടം തട്ടുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുക എന്നതാണ്.വിവ: )

**17- നോമ്പ്കാരനിൽ നിന്ന് അൽപം രക്തം വന്നാൽ നോമ്പ് അസാധുവാകുമോ, അതുപോലെ പരിശോധനക്ക് വേണ്ടി രക്തമെടുക്കുക, രക്തദാനം എന്നിവയുടെ വിധിയെന്താണ്?**

ഉത്തരം: നോമ്പുകാരനിൽ നിന്ന് അൽപം രക്തം വരുകയോ, രക്തസ്രാവമുണ്ടാവുകയോ ചെയ്താൽ നോമ്പ് അസാധുവാകുകയില്ല, എന്നാൽ ആർത്തവം, പ്രസവരക്തം, കൊമ്പ്വെക്കൽ (ശരീരത്തിൽ നിന്ന് അശുദ്ധ രക്തം ഒഴിവാക്കൽ) എന്നിവ മുഖേന നോമ്പ് അസാധുവാകുന്നതാണ്.

രക്ത പരിശോധനക്കായി അൽപം രക്തമെടുക്കുന്നത് മുഖേന നോമ്പ് അസാധുവാകില്ല. എന്നാൽ രക്തദാനം കഴിയുന്നതും നോമ്പി ന്റെ സമയം കഴിഞ്ഞ് നൽകലാണ് നല്ലത്, അത് ധാരാളമുണ്ടാവു മല്ലോ, അപ്പോൾ കൊമ്പ് വെക്കുന്നത് പോലെയാണ്, അപ്പോൾ നോമ്പ് അസാധുവാകും.

അബ്ദുൽ അസീസ്ബ്നുബാസ് (റ)

**18- ഭാരമേറിയതും, പ്രയാസകരവുമായ ജോലി ചെയ്യുന്നവർക്ക് നോമ്പനുഷ്ടിക്കുന്നത് പ്രയാസകരമായിരിക്കും. അങ്ങിനെയുള്ളവർക്ക് നോമ്പ് ഒഴിവാക്കുവാൻ അനുവാദമുണ്ടോ?**

ഉത്തരം: ജോലിയാവശ്യാർത്ഥം നോമ്പൊഴിവാക്കുന്നത് ഹറാമാണ്, അനുവദനീയമല്ല എന്നാണ് തെളിവിന്റെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായം. ജോലിയും, നോമ്പും ഒന്നിച്ച് കൊണ്ടുപോകുവാൻ സാധ്യമല്ലായെങ്കിൽ അവൻ ജോലിയിൽ നിന്ന് അവധിയെടുത്ത് റമളാനിൽ നോമ്പനുഷ്ടിക്കണം. കാരണം റമളാനിൽ നോമ്പനുഷ്ടിക്കുകയെന്നത് ഇസ്ലാമിന്റെ തൂണുകളിൽ പെട്ട ഒരു തൂണാവുന്നു, അതിൽ ഭംഗം വരുത്തുവാൻ പാടുള്ളതല്ല.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

**19- നോമ്പുകാരന് സുറുമയിടാൻ അനുവാദമുണ്ടോ?**

ഉത്തരം: നോമ്പുകാരന് സുറുമയിടാവുന്നതാണ്, അതിന് പ്രശ്നമില്ല.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

## 20- നോമ്പ് നിഷ്ഫലമാക്കി കളയുന്ന കാര്യങ്ങൾ ഏതെല്ലാം?

ഉത്തരം: നോമ്പ് നിഷ്ഫലമാക്കി കളയുന്ന കാര്യങ്ങൾ:

1- സംയോഗം ചെയ്യൽ

2- ഭക്ഷണം കഴിക്കൽ

3- പാനീയം കഴിക്കൽ

4- വികാരത്തോടെ ശുക്ളം പുറത്ത് വരൽ

5- ഭക്ഷണ പാനീയത്തിന് പകരമായുള്ളവ ഉപയോഗിക്കൽ

6- മന:പൂർവ്വം ഛർദ്ദിക്കൽ

7- കൊമ്പ് വെക്കൽ (ചീത്ത രക്തം ഒഴിവാക്കുവാനുള്ള ഒരു ചികിൽസ)

8- ആർത്തവ, പ്രസവ രക്തം പുറത്ത് വരൽ.

ഭക്ഷണ പാനീയം, സംയോഗം എന്നിവ നോമ്പുകാരന് നിഷിദ്ധമാണെ ന്നതിനുള്ള തെളിവ്. അല്ലാഹു പറയുന്നു:

(فَالْآنَ بَاشِرُوهُنَّ وَابْتَغُوا مَا كَتَبَ اللَّهُ لَكُمْ وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ) (البقرة:١٧٨)

“അതിനാൽ ഇനിമേൽ നിങ്ങൾ അവരുമായി സഹവസിക്കുകയും, (വൈവാഹിക ജീവിതത്തിൽ) അല്ലാഹു നിങ്ങൾക്ക് നിശ്ചയിച്ചത് തേടുകയും ചെയ്തുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കു കയും ചെയ്തുകൊള്ളുക; പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞ് കാണുമാറാകുന്നത് വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണ്ണമായി അനുഷ്ഠിക്കുകയും ചെയ്യുക”.

വികാരത്തോടെ മനിയ്യ് പുറത്ത് വന്നാൽ നോമ്പ് അസാധുവാകു മെന്നതിന് തെളിവ്:

ഖുദ്സിയായ ഹദീസിൽ നമുക്ക് കാണാവുന്നതാണ്.

(عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ يَقُولُ اللهُ عَزَّ وَجَلَّ الصَّوْمُ لِي وَأَنَا أَجْزِي بِهِ يَدَعُ شَهْوَتَهُ وَأَكْلَهُ وَشُرْبَهُ مِنْ أَجْلِي وَالصَّوْمُ جُنَّةٌ وَلِلصَّائِمِ فَرْحَتَانِ فَرْحَةٌ حِينَ يُفْطِرُ وَفَرْحَةٌ حِينَ يَلْقَى رَبَّهُ وَلَخُلُوفُ فَمِ الصَّائِمِ أَطْيَبُ عِنْدَ اللهِ مِنْ رِيحِ المِسْكِ ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "അല്ലാഹു പറയുന്നു: നോമ്പ് എനി ക്കുള്ളതാണ്, ഞാനാണതിന് പ്രതിഫലം നൽകുന്നത്. എനിക്ക് വേണ്ടി അവൻ (അടിമ) തന്റെ വികാരവും, ഭക്ഷണവും, പാനീയവും ഉപേക്ഷിക്കുന്നു. നോമ്പ് ഒരു പരിചയാണ്. നോമ്പ്കാരന് രണ്ട് സന്തോഷങ്ങളുണ്ട്; നോമ്പ് തുറക്കുമ്പോഴും, തന്റെ രക്ഷിതാവിനെ കണ്ട് മുട്ടുമ്പോഴുമാണത്. നോമ്പുകാരന്റെ വായയുടെ വാസന തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് കസ്തൂരിയേക്കാൾ വാസനയുള്ളതാണ്" (മുസ്ലിം).

അതുപോലെ ഭക്ഷണ പാനീയം ഉപയോഗിക്കുന്നതിനോട് താരതമ്യം ചെയ്ത്കൊണ്ടാണ് അതിന്റെ ഫലം ചെയ്യുന്ന ഇഞ്ചക്ഷൻ പോലെ യുള്ളവയും നോമ്പ്കാരന് നിഷിദ്ധമാണ് എന്ന് വ്യക്തമാക്കുന്നത്.

മന:പ്പൂർവ്വം ഛർദ്ദിക്കുന്നതിലൂടെ നോമ്പ് അസാധുവാകു മെന്നതിന് തെളിവ്:

عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَنْ ذَرَعَهُ الْقَيْءُ فَلَيْسَ عَلَيْهِ قَضَاءٌ وَمَنْ اسْتَقَاءَ عَمْدًا فَلْيَقْضِ (ترمذي وموطأ)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നബി(ﷺ) പറയുകയുണ്ടായി: ആരെങ്കിലും ഛർദ്ദിക്കുകയാണെങ്കിൽ അവൻ ആ നോമ്പ് നോറ്റുവീട്ടേണ്ടതില്ല, എന്നാൽ ആരെങ്കിലും മന:പൂർവ്വം ഛർദ്ദി ക്കുകയാണെങ്കിൽ അവൻ അത് നോറ്റു വീട്ടട്ടേ" (തിർമിദി, മുവത്വ)

കൊമ്പ്വെക്കുന്നതിലൂടെ നോമ്പ് മുറിയുമെന്നതിനുള്ള തെളിവ്:

أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: أَفْطَرَ الحَاجِمُ وَالمُحْجُومُ (بخاري تعليقا)

നബി(ﷺ) പറയുകയുണ്ടായി: കൊമ്പ് വെക്കുന്നവനും, വെപ്പിുന്നവനും നോമ്പ് തുറന്നിരിക്കുന്നു" (ബുഖാരി തഹ്ലീഖായി ഉദ്ദരിച്ചത്)

ആർത്തവ, പ്രസവരക്തം മുഖേന നോമ്പ് മുറിയുമെന്നതിനുള്ള തെളിവ്: ഒരു സ്ത്രീയോട് നബി(ﷺ) പറയുകയുണ്ടായി:

أَلَيْسَ إِذَا حَاضَتْ لَمْ تُصَلِّ وَلَمْ تَصُمْ (بخاري)

"ആർത്തവമുണ്ടായാൽ അവൾ നോമ്പനുഷ്ടിക്കുകയും, നമസ്കരിക്കുകയും ചെയ്യേണ്ടതില്ലല്ലോ" (ബുഖാരി)

ഈ കാരണങ്ങൾ ഉണ്ടായാൽ തന്നെ മൂന്ന് നിബന്ധനകൾ പൂർണമായാലേ നോമ്പ് നിഷ്ഫലമാവുകയുള്ളൂ. അവ താഴെ കൊടുക്കുന്നു:

1- ഇന്ന കാര്യം ചെയ്താൽ നോമ്പ് നിഷ്ഫലമായി പോകുമെന്നതിനെക്കുറിച്ച് അറിവുള്ളവനായിരിക്കണം.

2- സ്വബോധത്തോടെയാവണം. മറന്ന് കൊണ്ടാവരുത്.

3- നോമ്പ് മുറിയുന്ന കാര്യങ്ങൾ ചെയ്യുന്നത് ആരുടെയെങ്കിലും നിർബ്ബന്ധത്തിന് വഴങ്ങിയിട്ടാകരുത്. സ്വന്തം ഇഷ്ട പ്രകാരമാവണം.

അറിവില്ലാതെയോ ഉദ്ദേശ്യമില്ലാതേയോ മുമ്പു പ്രസ്താവിച്ച കാര്യങ്ങ ളിൽ ഏതെങ്കിലുമൊന്ന് ചെയ്താൽ നോമ്പു മുറിയുകയില്ല. നോമ്പ് സാധുവായി തീരുന്നതാണ്. അല്ലാഹു പറയുന്നു:

(رَبَّنَا لاَ تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا) ( البقرة: ٢٨٦)

“ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾ മറന്ന് പോയതിലോ, ഞങ്ങൾക്ക് തെറ്റു പറ്റിയതിലോ ഞങ്ങളെ നീ പിടികൂടരുതേ” (അൽബ ഖറ:286)

عَنْ أَبِي ذَرٍّ الْغِفَارِيِّ قَالَ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ إِنَّ اللهَ تجَاوَزَ عَنْ أُمَّتِي الخُطَأَ وَالنِّسْيَانَ وَمَا اسْتُكْرِهُوا عَلَيْهِ (رواه ابن ماجه والطبراني والحاكم)

അബൂദർറുൽ ഗിഫാരി(ﷺ)വിൽ നിന്ന്: തിരുമേനി(ﷺ) പറ യുന്നു: “അബദ്ധവും മറവിയും നിർബന്ധിപ്പിക്കപ്പെട്ടതും എന്റെ സമുദായ ത്തിന് മാപ്പു നൽകപ്പെട്ടിരിക്കുന്നു” (ഇബ്നുമാജ, ത്വബ്റാനി, ഹാഖിം)

عَنْ أَبِي هُرَيْرَةَ رَضِي اللهُ عَنْه عَنِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ إِذَا نَسِيَ فَأَكَلَ وَشَرِبَ فَلْيُتِمَّ صَوْمَهُ فَإِنَّمَا أَطْعَمَهُ اللهُ وَسَقَاهُ (متفق عليه )

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: തിരുമേനി(ﷺ) പറയുന്നു: “ആരെങ്കിലും മറന്നു കൊണ്ട് ഭക്ഷണം കഴിക്കു കയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തി യാക്കട്ടെ. കാരണം അല്ലാഹുവാണ് അവനെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്തത്” (മുത്തഫഖുൻ അലൈഹി)

അറിഞ്ഞുകൊണ്ടും സ്വബോധത്തോടെയും സ്വമേധയാ നോമ്പുമുറിയുന്ന കാര്യം ചെയ്താൽ അല്ലാഹുവിങ്കലേക്ക് ഖേദിച്ച് മടങ്ങണം. ആ ദിവസത്തെ നോമ്പു നോറ്റു വീട്ടുകയും വേണം. സംയോഗത്തിനൊഴികെ ഒന്നിനും പ്രായ ശ്ചിത്തം നൽകേണ്ടതില്ല. ആരെങ്കിലും റമളാനിലെ പകലിൽ നോമ്പനുഷ്ഠിച്ച് കൊണ്ട് സംയോഗം ചെയ്താൽ അവന് കടുത്ത പ്രായശ്ചിത്തമുണ്ട്. അടിമയെ മോചിപ്പിക്കുക, അതി ന് കഴിയില്ലെങ്കിൽ രണ്ടു മാസം തുടർച്ചയായി നോമ്പ നുഷ്ഠിക്കുക, അതിനും കഴിയില്ലെങ്കിൽ അറുപത് അഗതി കൾക്ക് ഭക്ഷണം കൊടുക്കുക എന്നിവയാണവ. ഭക്ഷണമാണ് നൽകുന്നത് എങ്കിൽ ഓരോ അഗതിക്കും അര സ്വാഅ് വീത മാണ് കൊടുക്കേണ്ടത്. ഈ പ്രായശ്ചിത്തം ക്രമമനു സരിച്ചാവണം. അതായത് അടിമയെ മോചിപ്പിക്കുവാൻ

കഴിഞ്ഞില്ലെങ്കിലേ രണ്ട് മാസം തുടർച്ചയായി നോമ്പനുഷ്ഠിക്കുകയെന്നതിലേക്ക് കടക്കാവൂ, അതിനും സാധിച്ചില്ലെങ്കിലേ അറുപത് അഗതികൾക്ക് ഭക്ഷണം നൽകുന്നതിലേക്ക് പ്രവേശിക്കാവൂ.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

**21- നോമ്പുകാരൻ മൈഥുനം നടത്തുന്നതിൻെറ വിധിയെന്താണ്? അവന് പ്രായശ്ചിത്തമുണ്ടോ?**

ഉത്തരം: റമളാനിൽ വ്യതമനുഷ്ടിച്ച് ആരെങ്കിലും മൈഥുനം നടത്തി മനിയ്യ് പുറത്ത് വരുകയും ചെയ്താൽ അവൻെറ നോമ്പ് നിഷ്ഫലമാകുന്നതാണ്, അവൻ പകരം നോമ്പനുഷ്ടിക്കൽ നിർബ്ബന്ധമാണ്. എന്നാൽ അവന് പ്രായശ്ചിത്തമില്ല, കാരണം പ്രായശ്ചിത്തമുള്ളത് സംയോഗം ചെയ്യുന്നതിനാണ്. അതോടൊപ്പം തന്നെ അല്ലാഹുവിനോടതിന് പശ്ചാതാപിക്കുകയും ചെയ്യേണ്ടതാണ്.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

**22- നോമ്പുകാരന് സുഗന്ധം വാസനിക്കാൻ പാടുണ്ടോ?**

ഉത്തരം: വ്യതമനുഷ്ടിച്ചവന് സുഗന്ധം വാസനിക്കാവുന്നതാണ്. സുഗന്ധം പുകക്കുന്നതിനും പ്രശ്നമില്ല. എന്നാൽ സുഗന്ധത്തിൻെറ പുക മൂക്കിലൂടെ അകത്തേക്ക് പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. കാരണം പുകക്ക് വെള്ളത്തെപ്പോലെ വയറിലേക്ക് എത്തുവാനുള്ള സാഹചര്യമുണ്ട്. അത്കൊണ്ട് വെറും വാസനിക്കുന്നതിന് യാതൊരു കുഴപ്പവുമില്ല.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

**23- വ്യതമനുഷ്ടിച്ചിരിക്കെ സ്വപ്ന സ്ഖലനമുണ്ടായാൽ അതിൻെറ വിധിയെന്താണ്? അവൻെറ നോമ്പ് ശരിയാവുമോ?**

ഉത്തരം: അവൻെറ നോമ്പ് ശരിയാവുന്നതാണ്, കാരണം സ്വപ്ന സ്ഖലനം നോമ്പിനെ അസാധുവാക്കുകയില്ല. അത് മനുഷ്യൻെറ തീരുമാനമനുസരിച്ചല്ല സംഭവിക്കുന്നത്, മറിച്ച് അവൻ അറിയാ തെയാണ് സംഭവിക്കുന്നത്. ഉറക്കത്തിൽ സംഭവിക്കുന്നതിനെ തൊട്ട് പേന ഉയർത്തപ്പെട്ടിരിക്കുന്നു അഥവാ അവന്ന് നിയമം ബാധകമല്ല, അവൻ അതിന് കുറ്റക്കാരനാവുകയുമില്ല. ഇവിടെ ഒരു കാര്യം ഉണർത്തുവാൻ ആഗ്രഹിക്കുന്നു: പലയാളുകളും നോമ്പിൻെറ പരിശു ദ്ധമായ രാവുകളിൽ യാതൊരു ഉപകാരവുമില്ലാത്ത കാര്യങ്ങൾക്ക് വേണ്ടി ഉറക്കൊഴിക്കുന്നു, എന്നിട്ട് നമസ്കാരമെല്ലാം ഒഴിവാക്കിയും, സമയം തെറ്റിച്ച് അതിനെ അവഗ ണിക്കുകയും ചെയ്ത്കൊണ്ട് പകലിൽ ഉറങ്ങുകയും ചെയ്യു ന്നു. അത്കൊണ്ട് തന്നെ വിശുദ്ധ റമളാനിൻെറ പവിത്ര മായ രാവുകളിൽ ഐഹികവും പാരത്രികവുമായ നൻമക്ക് വേണ്ടി ഉപകാരപ്പെടുന്ന ഖുർആൻ പാരായണം, പഠനം, ദിക്റുകൾ, ദുആകൾ, മറ്റു ആരാധനകൾ എന്നിവക്ക് വേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്.

<u>മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).</u>

## 24- നോമ്പുകാരൻ ആശ്വാസത്തിന് വേണ്ടി ശരീരം തണുപ്പി ക്കാൻ പാടുണ്ടോ?

ഉത്തരം: നോമ്പുകാരന് ശരീരം തണുപ്പിക്കാവുന്നതാണ്, അതിന് കുഴപ്പ മില്ല. നോമ്പുകാരനായിരിക്കെ റസൂലുല്ലാഹ് (ﷺ)ചൂട് കഠിനമാവുമ്പോൾ ആശ്വാസത്തിനും, ദാഹം കുറയുവാനുംവേണ്ടി തലയിലൂടെ വെള്ളം ഒഴിക്കാറു ണ്ടായിരുന്നു (അബൂദാവൂദ്). അതുപോലെ ഇബ്നു ഉമർ ചൂടിൻെറ കാഠിന്യം കൂടുമ്പോൾ അതിന് ശമനമുണ്ടാകു വാനായി വസ്ത്രത്തിൽ വെള്ളം തെളിയിക്കാറുണ്ടായിരുന്നു. ശരീരത്തിലും, വസ്ത്രത്തിലും വെള്ളം കുടഞ്ഞ്കൊണ്ട് തണുപ്പനുഭവിക്കുന്നതിന് പ്രശ്നമില്ല, കാരണം അത് വയറിലേക്കെത്തുകയില്ലല്ലോ.

<u>മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ (റ).</u>

**25- മൂക്കിൽ വെള്ളം കയറ്റിചീറ്റുമ്പോഴും, വായിൽ വെള്ളം കൊപ്ളിക്കുകയും ചെയ്യുമ്പോൾ അറിയാതെ അൽപം വെള്ളം വായയിലൂടെ ഇറങ്ങിപോയാൽ അവൻെറ നോമ്പിന് ഭംഗം വരുമോ?**

ഉത്തരം: നോമ്പുകാരൻ മൂക്കിൽ വെള്ളം കയറ്റിചീറ്റുമ്പോഴും, വായിൽ വെള്ളം കൊപ്ളിക്കുകയും ചെയ്യുമ്പോൾ അറിയാതെ അൽപം വെള്ളം വായയിലൂടെ ഇറങ്ങിപോയാൽ അതിന് പ്രശ്നമില്ല, അവൻെറ നോമ്പ് ശരിയാവും. കാരണം അവൻ ചെയ്യുന്നത് മന:പൂർവ്വമല്ലല്ലോ. അല്ലാഹു പറയുന്നു:

(وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَا أَخْطَأْتُمْ بِهِ وَلَكِنْ مَا تَعَمَّدَتْ قُلُوبُكُمْ) (الأحزاب:٥)

“അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷെ നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞ്കൊണ്ടു ചെയ്തത് (കുറ്റകരമാകുന്നു.)”

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ (റ).

**26- ഭക്ഷണം രുചി നോക്കുന്നതിലൂടെ നോമ്പ് അസാധു വാകുമോ?**

ഉത്തരം: ഭക്ഷണം രുചി നോക്കുന്നതിലൂടെ നോമ്പ് അസാധു വാകുകയില്ല, എന്നാൽ വല്ലതും വയറിലേക്ക് ഇറങ്ങി പോകുന്നത് ശ്രദ്ധിക്കണം. അതുപോലെ അത്യാവശ്യത്തിന് മാത്രമെ അങ്ങിനെ ചെയ്യാവൂ. ഭക്ഷണത്തിന് ഉപ്പുണ്ടോ, മുളകുണ്ടോ എന്ന് രുചി നോക്കുന്നതിനിടയിൽ വല്ലതും അറിയാതെ മന:പൂർവ്വമല്ലാതെ വയറിലേക്ക് ഇറങ്ങി പോയാൽ അതിന് പ്രശ്നമില്ല, അവൻെറ നോമ്പ് ശരിയാവുന്നതാണ്.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ (റ).

## 27- നോമ്പുകാരനായിരിക്കെ കള്ള സാക്ഷ്യം പറയുന്നതിലൂടെ നോമ്പ് അസാധുവാകുമോ?

ഉത്തരം: കള്ള സാക്ഷ്യം പറയുന്നത് വൻ പാപത്തിൽ പെട്ടതാണ്. അതിൽ നിന്ന് ഒരു മുസ്‌ലിം വിട്ട് നിൽക്കൽ നിർബ്ബന്ധമാണ്. കള്ളസാക്ഷ്യം പറയുന്നതിലൂടെ നോമ്പ് അസാധുവാകില്ല, എന്നാൽ നോമ്പിൻെറ ചൈതന്യത്തിനും, പ്രതിഫലത്തിനും കാര്യമായ ഭംഗമുണ്ടാകുന്നതാണ്.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ (റ).

## 28- റമളാനിലെ ചില നോമ്പ് വീട്ടാനുള്ളവന് ശവ്വാലിലെ ആറ് നോമ്പിൻെറ വിധിയെന്താണ്?

ഉത്തരം: റസൂലുല്ലാഹ്(ﷺ) പറയുന്നു:

عَنْ أَبِي أَيُّوبَ الْأَنْصَارِيِّ رَضِيَ اللهُ عَنْهُ قال أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَنْ صَامَ رَمَضَانَ ثُمَّ أَتْبَعَهُ سِتًّا مِنْ شَوَّالٍ كَانَ كَصِيَامِ الدَّهْرِ (مسلم)

അബൂഅയ്യൂബുൽ അൻസാരി(ﷺ)വിൽ നിന്ന്, പ്രവാചകൻ (ﷺ) പറയുന്നു: പറയുന്നു: "റമളാൻ നോമ്പെടുത്തിട്ട് അതിൻെറ തുടർച്ചയായി ആറു ദിവസം ശവ്വാലിൽ നിന്നും ചേർത്താൽ ആയുഷ്കാലത്തെ മുഴുവൻ നോമ്പിനെ പോലെ ആയി"

ഒരു ഉദാഹരണത്തിലൂടെ ഇത് നമുക്ക് മനസിലാക്കാം. ഒരാൾ റമളാനിൽ 24 നോമ്പെടുത്തു, ബാക്കി അവന് ആറ് നോമ്പ് വീട്ടുവാ നുണ്ട്. ഈ വ്യക്തി റമളാനിലെ വീട്ടുവാനുള്ള ആറ് നോമ്പ് വീട്ടാതെ ശവ്വാലിലെ നോമ്പനുഷ്ടിച്ചാൽ അവൻ റമളാൻ പൂർത്തിയാക്കി, അതിനോട് ശവ്വാലിലെ ആറ് നോമ്പ് കൂട്ടിചേർത്തുവെന്ന് ആരും പറയില്ല. റമളാനിലെ മുഴുവൻ നോമ്പും നോറ്റാലല്ലാതെ അവൻ റമളാൻ പൂർത്തി യാക്കിയെന്ന് പറയില്ല. അത്കൊണ്ട് റമളാനിലെ നോമ്പ് വീട്ടാനുണ്ടായിരിക്കെ അത് വീട്ടാതെ ശവ്വാലിലെ നോമ്പിന് പ്രതിഫലം ലഭിക്കുകയില്ല.

നോമ്പ് വീട്ടാനുണ്ടായിരിക്കെ സുന്നത്തെടുക്കാൻ പാടുണ്ടോ യെന്നതിൽ പണ്ഡിതൻമാർക്കിടയിൽ അഭിപ്രായന്തരമുണ്ട്. എന്നാൽ ഈ വിഷയ ത്തിൽ അഭിപ്രായ വ്യത്യാസമില്ല, കാര ണം ശവ്വാലിലെ ആറ് നോമ്പിനുള്ള പ്രതിഫലം ലഭിക്കുന്ന ത് റമളാൻ പൂർത്തിയാക്കി അതിനോടൊപ്പം ശവ്വാലിൽ ആറ് നോമ്പ് കൂടി തുടർന്നെടുക്കു ന്നവനാണ്.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

**29- ശവ്വാലിലെ ആറ് നോമ്പ് ഏത് രൂപത്തിലാണ് അനുഷ്ഠി ക്കേണ്ടത്? അതിന് പ്രത്യേകം ദിനങ്ങൾ നിർണ്ണയിച്ച് തന്നിട്ടുണ്ടോ? ഒരു വർഷം ശവ്വാലിലെ ആറ് നോമ്പനുഷ്ടി ക്കുകയാണെങ്കിൽ വരും വർഷങ്ങളിൽ അത് നിർബ്ബന്ധ മാവുമോ?**

ഉത്തരം: റസൂലുല്ലാഹ്(ﷺ) പറയുന്നു:

عَنْ أَبِي أَيُّوبَ الْأَنْصَارِيِّ رَضِيَ اللهُ عَنْهُ قال أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَنْ صَامَ رَمَضَانَ ثُمَّ أَتْبَعَهُ سِتًّا مِنْ شَوَّالٍ كَانَ كَصِيَامِ الدَّهْرِ (مسلم)

അബൂഅയ്യൂബുൽ അൻസാരി(ﷺ) യിൽ നിന്ന് പ്രവാചകൻ(ﷺ) പറയുന്നു: “റമളാൻ നോമ്പെടുത്തിട്ട് അതിൻെറ തുടർച്ച യായി ആറു ദിവസം ശവ്വാലിൽ നിന്നും ചേർത്താൽ ആയുഷ്കാലത്തെ മുഴുവൻ നോമ്പിനെ പോലെ ആയി”

ശവ്വാലിലെ ആറ് നോമ്പിന് പ്രത്യേകം ദിനങ്ങൾ നിർണ്ണ യിക്കപ്പെട്ടിട്ടില്ല, ഓരോ വ്യക്തിക്കും സൗകര്യമുള്ള രൂപത്തിൽ ആ മാസത്തിലെ ആദ്യ ദിനങ്ങളിലോ, അതിൻെറ മധ്യ ദിനങ്ങളിലോ, അവസാന ദിനങ്ങളിലോ അങ്ങിനെ ശവ്വാലിലെ ഏതെങ്കിലും ആറ് ദിവസം നോറ്റാൽ മതി. അതുപോലെ ഇടവിട്ട ദിനങ്ങളിലും നോൽക്കാവുന്നതാണ്. ഈ കാര്യ ത്തിൽ വളരെ വിശാലതയുണ്ട്. എന്നാൽ നൻമയിലേക്ക് ധൃതിപ്പെടുവാൻ വേണ്ടി പെരുന്നാൾ കഴിഞ്ഞ ഉടനെയുള്ള ആറ് ദിനങ്ങൾ തിരഞ്ഞെടുത്ത് നോമ്പ നുഷ്ടിക്കലാണ് ഏറ്റവും നല്ലത്. ഇതിനാണ് ശ്രേഷ് ഠത

കൂടുതൽ ഉള്ളത്. അതുപോലെ ഒരു വർഷം ശവ്വാലിലെ ആറ് നോമ്പനുഷ്ടിച്ചുവെന്ന് കരുതി വരുംവർഷങ്ങളിൽ അതവന് നിർബ്ബ ന്ധമാവില്ല. കാരണം ശവ്വാലിലെ ആറ് നോമ്പ് ഐഛികമാണ്, അത് നിർബ്ബന്ധമല്ല.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

## 30- ശഅബാൻ മാസത്തിലെ നോമ്പിൻെറ വിധിയെന്താണ്?

ഉത്തരം: ശഅബാനിൽ നോമ്പുകൾ അധികരിപ്പിക്കുന്നത് സുന്നത്തിൽ പെട്ടതാണ്. കാരണം ആയിശാ പറയുന്നു:

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا قَالَتْ: وَمَا رَأَيْتُهُ أَكْثَرَ صِيَامًا مِنْهُ فِي شَعْبَانَ (بخاري)

ആയിശാ(رضي الله عنها) പറയുന്നു: "ശഅബാൻ മാസത്തിലല്ലാതെ കൂടുതൽ നോമ്പനുഷ്ടിക്കുന്നതായി ഞാൻ അദ്ദേഹത്തെ (പ്രവാചകനെ) കണ്ടിരുന്നില്ല" (ബുഖാരി)

പണ്ഡിതൻമാർ വ്യക്തമാക്കുന്നത് ശഅബാനിലെ നോമ്പ് ഫർള് നമസ്കാരങ്ങളോടൊപ്പം സുന്നത്ത് നമസ്കാരം നിർവ്വഹിക്കുന്നത് പോലെയാണ്. റമളാനിൻെറ മുന്നോടി യായി വരുന്ന മാസമാണ് ശഅബാൻ, അത്കൊണ്ട് തന്നെ റമളാനിൻെറ മുമ്പുള്ള സുന്നത്താണ് ശഅബാനിലെ നോമ്പുകൾ. അതുപൊലെ റമളാനിന് ശേഷം വരുന്ന ശവ്വാലിലെ ആറ് നോമ്പ് റമളാനിന് ശേഷമുള്ള സുന്നത്തുമാണ്. മാത്രമല്ല, സന്തോഷത്തോടെ, ഉൽസാഹ ത്തോടെ റമളാനിനെ സ്വീകരിക്കു വാൻ ഒരുങ്ങുവാനാണ് റസൂലുല്ലാഹ് ശഅബാനിൽ കൂടുതൽ സുന്നത്ത് നോമ്പനുഷ്ടിക്കുവാൻ സുന്നത്താക്കിയത്. എന്നാൽ ശഅബാൻ പതി നഞ്ചിന് മാത്രമായി ബറാഅത്ത് എന്ന പേരിൽ നോമ്പനുഷ്ടിക്കുന്നത് ബിദ്അത്താണ്, അതിന് പ്രമാണങ്ങളിൽ യാതൊരു തെളിവുമില്ല.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ(റ).

**31- സുന്നത്ത് നോമ്പനുഷ്ടിക്കുന്നവൻ അത് മുറിക്കുകയാണെങ്കിൽ അവൻ കുറ്റക്കാരനാണോ? ഭാര്യയുമായി സംസർഗത്തിലൂടെ തൻെറ സുന്നത്ത് നോമ്പ് മുറിക്കുന്നവന് പ്രായ്ശ്ചിത്തം നൽകേണ്ടതുണ്ടോ?**

ഉത്തരം: ആരെങ്കിലും സുന്നത്ത് നോമ്പ് ഭക്ഷണപാനീയങ്ങൾ കൊണ്ടോ, സംയോഗം കൊണ്ടോ മുറിക്കുകയാണെങ്കിൽ അവൻെറ മേൽ യാതൊരു കുറ്റവുമില്ല. അവന് പ്രായശ്ചിത്തവുമില്ല, കാരണം അവൻ അസാധുവാക്കിയ നോമ്പ് ഐഛികമാണ്, നിർബ്ബന്ധമല്ല, അത്കൊണ്ട് തന്നെ അത് പൂർത്തിയാക്കൽ വാജിബുമല്ല.

എന്നാൽ നോമ്പ് നിർബ്ബന്ധമായ ഒരാൾ അത് നോൽക്കുമ്പോൾ അതിനിടക്ക് ഭാര്യയുമായി സംയോഗത്തിലേർപ്പെടുകയാണെങ്കിൽ അവന് പ്രായ്ശ്ചിത്തമുണ്ട്. അനിവാര്യമായ സാഹചര്യത്തിലല്ലാതെ ആ നോമ്പ് മുറിക്കുവാൻ പാടുള്ളതല്ല. റമളാനിൻെറ പകലിൽ നിർബ്ബ ന്ധമായും നോമ്പനുഷ്ടിക്കേണ്ടവൻ സംയോഗത്തിലൂടെ നോമ്പ് മുറി ക്കു കയാണെങ്കിൽ പ്രായ്ശ്ചിത്തം ചെയ്യേണ്ടതുണ്ട്. റമളാനിൽ നോമ്പ നുഷ്ടിച്ച് കൊണ്ട് ദമ്പതികൾ നോമ്പൊഴിവാക്കൽ അനുവദനീയമായ യാത്ര പോയി, അവർ സംയോഗത്തിലൂടെ അവരുടെ നോമ്പ് ഒഴിവാക്കിയാൽ അവർ കുറ്റക്കാരല്ല, അവർക്ക് പ്രായ്ശ്ചിത്തവുമില്ല, അവർ ആ നോമ്പ് പിന്നീട് നോറ്റുവീട്ടിയാൽ മതിയാവുന്നതാണ്. കാരണം യാത്രക്കാരന് നോമ്പ് നിർബ്ബന്ധമില്ലല്ലോ.

മുഹമ്മദ്ബ്നു സ്വാലിഹ് അൽ ഉഥൈമീൻ (റ).

അവലംബ കൃതികൾ:

١ – فتاوى مهمة تتعلق بالزكاة والصيام – لفضيلة الشخ/ عبد العزيز بن عبد الله بن باز – رحمه الله

٢ – فتاوى أركان الإسلام – لفضيلة الشيخ/ محمد بن صالح العثيمين – رحمه الله

***********

<u>ഉള്ളടക്കം</u>


| | | |
|---|---|---|
| 1 | നോമ്പ് നിർബ്ബന്ധമാക്കിയതിലെ യുക്തി യെന്താണ്? | 1 |
| 2 | മക്കയുടെ ഉദയാസ്തമയങ്ങൾ അടിസ്ഥാന മാക്കി ലോകത്താകമാനം നോമ്പും, പെരു ന്നാളും തീരുമാനിക്കുകയാണെങ്കിൽ, അത ിലൂടെ മുസ്‌ലിം സമുദായത്തെ ഒന്നിപ്പിക്കാൻ സാധിക്കുമെന്ന് ചിലർ വാദിക്കുന്നു. എ ന്താണ് താങ്കളുടെ അഭിപ്രായം? | 2 |
| 3 | നോമ്പിൻെറ മര്യാദകൾ എന്തെല്ലാമാണ്? | 5 |
| 4 | നോമ്പുകാരന് ചികിൽസാർത്ഥം ഇഞ്ചക്ഷൻ പാടുണ്ടോ? | 10 |
| 5 | നോമ്പുകാരന് പേസ്റ്റ് പോലെയുള്ളവ ഉപയോഗിച്ച് ദന്തശുദ്ധീകരണം നടത്തുവാൻ പാടുണ്ടോ? അതുപോലെ നോമ്പു കാരന് കണ്ണിലോ, മൂക്കിലോ, ചെവിയിലോ തുള്ളി മരുന്ന് ഉപയോഗിക്കുവാൻ പാടുണ്ടോ? | 10 |
| 6 | നോമ്പുകാരനായിരിക്കെ ഒരാൾ പല്ല് പറിക്കുകയോ, അതല്ലെങ്കിൽ പല്ല് മരുന്ന് ഉപയോഗിച്ച് വൃത്തിയാക്കുകയോ ചെയ്തു, അതിന്വേണ്ടി ഡോക്ടർ വേദന സംഹാരി കുത്തിവെക്കുകയും ചെയ്തു. അതിൻെറ വിധിയെന്താണ്? | 11 |

| | | |
|---|---|---|
| 7 | നോമ്പുകാരനായിരിക്കെ ആരെങ്കിലും മറന്ന്കൊണ്ട് ആഹാര പാനീയം കഴിച്ചാൽ അതിൻെറ വിധിയെന്താണ്? | 11 |
| 8 | മതപരമായ യാതൊരു കാരണവും കൂടാതെ റമളാനിൽ വിട്ട്പോയ നോമ്പ് അടുത്ത റമളാൻ വരെ ഒരാൾ വീട്ടിയില്ല, അവന് അതിന് തൗബ ചെയ്യുന്നതോടൊപ്പം വിട്ട് പോയ നോമ്പ് നോറ്റുവീട്ടിയാൽ പോരെ, അതല്ല, അവൻ വല്ല പ്രായ്ശ്ചിത്തവും ചെയ്യേണ്ടതുണ്ടാ? | 12 |
| 9 | നമസ്കരിക്കാത്തവൻ നോമ്പനുഷ്ടിച്ചാൽ ആ നോമ്പ് സാധുവാകുമോ? | 13 |
| 10 | യാത്രക്കാർക്ക് നോമ്പെടുക്കുന്നതാണോ, ഉപേക്ഷിക്കുന്നതാണോ ഏറ്റവും നല്ലത്, പ്രത്യേകിച്ച് വിമാനം പോലെയുള്ള യാത്രാ സൗകര്യങ്ങൾ ഉള്ള ഈ കാലത്ത്? | 14 |
| 11 | ഗർഭിണികൾക്കും, മുലയൂട്ടുന്നവർക്കും നോമ്പൊഴിവാക്കാൻ അനുവാദമുണ്ടോ? പിന്നീടവർ നോറ്റ് വീട്ടേണ്ടതുണ്ടോ? അതല്ല, അതിന് പ്രായ്ശ്ചിത്തം ചെയ്താൽ മതിയോ? | 16 |
| 12 | നോമ്പ് ഉപേക്ഷിക്കുവാൻ അനുവാദമുള്ള വൃദ്ധർ, ദുർബ്ബലർ, ഒരിക്കലും ഭേദമാവത്ത രോഗികൾ പോലെയുള്ളവർക്ക് പ്രായ്ശ്ചിത്തം അനിവാര്യമാണോ? | 17 |

| | | |
|---|---|---|
| 13 | ആർത്തവം, പ്രസവരക്തം തുടങ്ങിയ അവസരങ്ങളിൽ സ്ത്രീകളുടെ നോമ്പിൻെറ വിധിയെന്താണ്? വിട്ട്പോയ നോമ്പ് അടുത്ത റമളാൻ വരെ പിന്തിപ്പിക്കുന്നതിൻെറ വിധി യെന്താണ്? | 17 |
| 14 | റമളാനിലെ നോമ്പ് വീട്ടുവാനുള്ളവരെ സംബന്ധിച്ചിടത്തോളം ശവ്വാലിലെ ആറ് നോമ്പ്, ദുൽഹിജ്ജയിലെ നോമ്പ്, മുഹർറ ത്തിലെ നോമ്പ് തുടങ്ങിയ സുന്നത്ത് നോമ്പി ൻെറ വിധിയെന്താണ്? | 19 |
| 15 | രോഗിക്ക് റമളാനിൽ നോമ്പനുഷ്ടിക്കുവാൻ സാധിച്ചില്ല, ആ റമളാനിന് ശേഷം അദ്ദേഹം മരണപ്പെടുകയും ചെയ്തു, എന്നാൽ അതി ൻെറ വിധിയെന്താണ്? | 19 |
| 16 | ആർത്തവമുള്ള സ്ത്രീക്ക് റമളാനിൻെറ പകലിൽ ശുദ്ധിയായാൽ അവൾ എന്താണ് ചെയ്യേണ്ടത്? | 21 |
| 17 | നോമ്പ്കാരനിൽ നിന്ന് അൽപം രക്തം വന്നാൽ നോമ്പ് അസാധുവാകുമോ, അതു പോലെ പരിശോധനക്ക്വേണ്ടി രക്ത മെടു ക്കുക, രക്തദാനം എന്നിവയുടെ വിധിയെ ന്താണ്? | 21 |
| 18 | ഭാരമേറിയതും, പ്രയാസകരവുമായ ജോലി ചെയ്യുന്നവർക്ക് നോമ്പനുഷ്ടിക്കുന്നത് പ്ര | 22 |

| | | |
|---|---|---|
| | യാസകരമായിരിക്കും. അങ്ങിനെയുള്ളവർക്ക് നോമ്പ് ഒഴിവാക്കുവാൻ അനുവാദമുണ്ടോ? | |
| 19 | നോമ്പുകാരന് സുറുമയിടാൻ അനുവാദമുണ്ടോ? | 22 |
| 20 | നോമ്പ് നിഷ്ഫലമാക്കി കളയുന്ന കാര്യങ്ങൾ ഏതെല്ലാം? | 23 |
| 21 | നോമ്പുകാരൻ മൈഥുനം നടത്തുന്നതിൻെറ വിധിയെന്താണ്? അവന് പ്രായ്ശ്ചിത്തമുണ്ടോ? | 27 |
| 22 | നോമ്പുകാരന് സുഗന്ധം വാസനിക്കാൻ പാടുണ്ടോ? | 27 |
| 23 | വ്യതമനുഷ്ടിച്ചിരിക്കെ സ്വപ്ന സ്ഖലനമുണ്ടായാൽ അതിൻെറ വിധിയെന്താണ്? അവൻെറ നോമ്പ് ശരിയാവുമോ? | 27 |
| 24 | നോമ്പുകാരൻ ആശ്വാസത്തിന് വേണ്ടി ശരീരം തണുപ്പിക്കാൻ പാടുണ്ടോ? | 28 |
| 25 | മൂക്കിൽ വെള്ളം കയറ്റിചീറ്റുമ്പോഴും, വായിൽ വെള്ളം കൊപ്ളിക്കുകയും ചെയ്യുമ്പോൾ അറിയാതെ അൽപം വെള്ളം വായയിലൂടെ ഇറങ്ങിപോയാൽ അവൻെറ നോമ്പിന് ഭംഗം വരുമോ? | 29 |

| | | |
|---|---|---|
| 26 | ഭക്ഷണം രുചി നോക്കുന്നതിലൂടെ നോമ്പ് അസാധുവാകുമോ? | 29 |
| 27 | നോമ്പുകാരനായിരിക്കെ കള്ള സാക്ഷ്യം പറ യുന്നതിലൂടെ നോമ്പ് അസാധുവാകുമോ | 30 |
| 28 | റമളാനിലെ ചില നോമ്പ് വീട്ടാനുള്ളവന് ശവ്വാലിലെ ആറ് നോമ്പിന്റെ വിധിയെ ന്താണ്? | 30 |
| 29 | ശവ്വാലിലെ ആറ് നോമ്പ് ഏത് രൂപ ത്തി ലാണ് അനുഷ്ഠിക്കേണ്ടത്? അതിന് പ്ര ത്യേകം ദിനങ്ങൾ നിർണ്ണയിച്ച് തന്നിട്ടുണ്ടോ? ഒരു വർഷം ശവ്വാലിലെ ആറ് നോമ്പനു ഷ്ടിക്കുകയാണെങ്കിൽ വരും വർഷങ്ങളിൽ അത് നിർബ്ബന്ധമാവുമോ? | 31 |
| 30 | ശഅബാൻ മാസത്തിലെ നോമ്പിന്റെ വിധിയെന്താണ്? | 32 |
| 31 | സുന്നത്ത് നോമ്പനുഷ്ടിക്കുന്നവൻ അത് മുറിക്കുകയാണെങ്കിൽ അവൻ കുറ്റക്കാരനാ ണോ? ഭാര്യയുമായി സംസർഗത്തിലൂടെ തന്റെ സുന്നത്ത് നോമ്പ് മുറിക്കുന്നവന് പ്രായ്ശ്ചിത്തം നൽകേണ്ടതുണ്ടോ? | 33 |

يشرح هذا الكتاب فتاوى مهمة يتعلق بأحكام الصيام لعلامتين الشيخ عبد العزيز بن باز والشيخ محمد صالح العثيمين رحمهما الله.